# മലങ്കര നസ്രാണി

മലങ്കര നസ്രാണികളുടെ പ്രതിവാര പത്രിക



ദൈവം നന്മയാണ്. അവൻ മാത്രമാണു യഥാർത്ഥമായും പൂർണമായും നന്മ. തിന്മയുടെ സങ്കലനം കൂടാതെ നന്മയാണവൻ. അവനിൽ സകല തിന്മയും അന്തർദ്ധാനം ചെയ്യുന്നു. അവനിൽ തിന്മയ്ക്കു യാതൊരു സ്ഥാനവുമില്ല – പ്രകാശത്തിൽ ഇരുട്ടിനു യാതൊരു സ്ഥാനവുമില്ലാത്തതുപോലെതന്നെ...... ഏതെങ്കിലും വ്യക്തിത്വം നന്മയെ നിഷേധിക്കുകയും നിരാകരിക്കുകയും ചെയ്യുമ്പോൾ സ്വന്തം ഉണ്മയെത്തന്നെ നിഷേധിക്കലാണ് അത്. കാരണം, സൃഷ്ടിക്കപ്പെട്ട യഥാർത്ഥ വ്യക്തി, അതിന്റെ സ്രഷ്ടാവിനെപ്പോലെ, നന്മയാണ്.

**– പൗലോസ് മാർ ഗ്രിഗോറിയോസ്**


പുസ്തകം 1 | ലക്കം 5 | 2005 ഓഗസ്റ്റ് 21–27 | പേജ് 9


# നസ്രാണികളുടെ സ്വത്വവും സ്വാതന്ത്ര്യവും

**ഫാ. ഡോ. കെ. എം. ജോർജ്**



**കേ**രളത്തിലെ നസ്രാണികളുടെ സ്വത്വം (identity) എന്താണെന്ന് ഗൗരവമായി ചിന്തിക്കാനുള്ള ശ്രമങ്ങൾ അവിടവിടെയായി നടക്കുന്നുണ്ട്. അടുത്തകാലം വരെ കൃഷിയും കച്ചവടവും പ്രധാന തൊഴിലായി സ്വീകരിച്ചിരുന്ന നസ്രാണികൾക്ക് ആ വഴിക്ക് ഒരു ബൗദ്ധികവിചിന്തനത്തിന് സാവകാശം ലഭിച്ചിരുന്നില്ല എന്നു വേണം കരുതുവാൻ (ജോർജ് കെ. അലക്സിന്റെ '*അധിനിവേശ വിരുദ്ധതയുടെ ദൈവശാസ്ത്രം*' പോലുള്ള ശ്രമങ്ങൾ കേരളത്തിലെ പുരാതന ക്രൈസ്തവരുടെ സ്വാവബോധത്തെ പുതിയ രീതിശാസ്ത്രത്തിന്റെ കാഴ്ചപ്പാടിൽ നിന്ന് വിശകലനം ചെയ്യുന്നു).

നിർവ്വാഹമില്ലാത്ത ഒരു സാഹചര്യത്തിൽ നിലയ്ക്കൽ പോലൊരു കൂട്ടുപള്ളി വയ്ക്കുകയും, സംഘടിത മതത്തിന്റെ താൽപ്പര്യങ്ങൾക്കെതിരായി വരുന്ന രാഷ്ട്രീയ – സാമൂഹിക ശക്തികളെ നേരിടാൻ കൂട്ടായ്മ റാലികളും കൂറ്റൻ സമ്മേളനങ്ങളും നടത്തുകയും ചെയ്തതുകൊണ്ട് നമ്മുടെ സ്വത്വ പ്രശ്നം അവസാനിക്കുന്നില്ല.

ഓർത്തഡോക്സ് സഭയിലെ കാതോലിക്കോസ് – പാത്രിയർക്കീസ് പ്രശ്നവും സീറോ മലബാർ കത്തോലിക്കാ സഭയിൽ അടുത്തകാലത്ത് അതിരൂക്ഷമായിത്തീർ ന്ന് ആ സഭയെ പിളർപ്പിന്റെ വക്കിലെത്തിച്ച ആരാധനാ സമ്പ്രദായ പ്രശ്നങ്ങളും ഉപരിപ്ലവമായ രീതിയിൽ പരിഹരിക്കാനാവില്ല. ഇൻഡ്യയിലെ പുരാതന നസ്രാണികളുടെ ഏക തായ്ത്തടിയിൽ നിന്ന് പരിണമിച്ച രണ്ട് പ്രബല സമൂഹങ്ങളെന്ന നിലയിൽ ഈ രണ്ടു സമുദായങ്ങളുടെയും വ്യഥകൾക്കും വ്രണങ്ങൾക്കും സമാന സ്വഭാവമുണ്ട്.

പുറത്തു നിന്ന് നോക്കിയാൽ തീർത്തും പരിഹാസ്യവും ബാലിശവുമായി തോന്നു ന്ന വാദപ്രതിവാദങ്ങളാണ് ഈ രണ്ട് സഭകളിലും കേൾക്കുന്നത്:

'പാത്രിയർക്കീസ് മേലാളനും കാതോലിക്കാ കീഴാളനും ആണെന്ന് സമ്മതിച്ചാൽ ഒരു നിമിഷം കൊണ്ട് മലങ്കരസഭയിൽ സമാധാനം ഉണ്ടാക്കാം എന്ന് ചിലർ. ഭജനം മൂത്ത് ഊരാണ്മയാക്കിയ വിദേശികൾക്ക് പാദുക പരിസേവകരാകാൻ മലങ്കരയിൽ കീഴാളന്മാരില്ല എന്ന് മറ്റു ചിലർ. പാശ്ചാത്യർ ചവിട്ടിത്തേച്ച് കീഴാള സ്ഥാനത്താക്കിയ സീറോ മലബാർ കത്തോലിക്കാ സഭ ഒരു പൗരസ്ത്യ സഭയാകണമെങ്കിൽ വൈദികർ കിഴക്കോട്ട് തിരിയണമെന്ന് ഒരു കൂട്ടർ. പുരോഹിതന്റെ പിൻഭാഗ ദർശനം കൊണ്ട് സായൂജ്യമടയുന്ന 'പൗരസ്ത്യം' പള്ളിയിൽ പറയേണ്ട എന്ന് മറ്റൊരു കൂട്ടർ'.

ഏതൊരു സമൂഹവും സംസ്ക്കാരവും അതിന്റെ വളർച്ചയുടെ ഉച്ചസ്ഥായിയിലെത്തി പുഷ്പിച്ച് ഫലദായകമാകണമെങ്കിൽ അതിന് സ്വാധികാരം (autonomy)


(ശേഷം 2-ാം പേജിൽ)


## അകം പൊരുൾ


**മലങ്കരയിൽ പുനരേകീകരണം എന്തിന് ?**
ഫാ. അബ്രഹാം ഫിലിപ്പ് (ബിജേഷ് അച്ചൻ, നാഗപ്പൂർ സെമിനാരി) — 3

**ഒരു വ്യവഹാരത്തിന്റെ ബാക്കിപത്രം**
ഫാ. ഡോ. സാബു കുര്യാക്കോസ് — 4

**സഹദേന്മാർ: ഓർത്തഡോക്സ് വീക്ഷണത്തിൽ**
ഫാ. ഡോ. ബി. വറുഗീസ് — 6

**അർമേനിയൻ സഭ**
വർഗീസ് ജോൺ, തോട്ടപ്പുഴ — 7

**നമുക്ക് കൈമോശം വന്നത്**
പ്രീത് ചന്ദനപ്പള്ളി — 9


# വടക്കോട്ടു പോകുന്നവർ; എതിരെ വരുന്നവർ

**ഏബ്രഹാം മാത്യു**

രണ്ടു ജാഥകൾ.

കോഴഞ്ചേരി.

സന്ധ്യ.

ആദ്യത്തേത് തെക്കുനിന്ന് വടക്കോട്ട്.

രണ്ടാമത്തേത് നേരെ എതിർദിശയിൽ. തെക്കുനിന്നുള്ള ജാഥയെ നയിക്കുന്നത്, പൊതുവഴി ഞങ്ങൾ കീഴ്പ്പെടുത്തിയിരിക്കുന്നു എന്നറിയിച്ചുകൊണ്ട് സൈക്കിളുകളിൽ കാക്കി നിക്കറും വടിയും കുങ്കുമപ്പൊട്ടുമുള്ള ചെറുപ്പക്കാർ.

രണ്ടാം ജാഥയ്ക്കു മുന്നിലും ചെറുപ്പക്കാർ. വേഷം, ജീൻസും, ടീഷർട്ടും.

മേൽത്തരം പാന്റ്സും ലെതർ ചെരിപ്പും അമേരിക്കൻ മോഡൽ ഫുൾ സ്ലാക്ക് ഷർട്ടും ധരിച്ച വയസ്സന്മാർ, വെള്ളയിൽ വിവിധ പാറ്റേണുകൾ ഉള്ള സാരി ധരിച്ച വൃദ്ധകൾ. പെൺകുട്ടികൾക്ക് ബോഡീഷേപ്പ് ചുരീദാർ, മിഡി...

പള്ളിയിൽനിന്നു പുറപ്പെട്ട റാസ; തിരികെ പള്ളിയിലേക്ക്...

തെക്കുനിന്നുള്ള ജാഥയിലെ സ്ത്രീകൾ ഏതാണ്ട് ഒരേ വേഷത്തിലാണ് – ചുവന്ന ബ്ലൗസ്, സെറ്റുമുണ്ട്, തലയിൽ പൂവ്, കൈയിൽ താലം, താലത്തിൽ തിരി, തിരിയിൽ പ്രകാശം......

കുട്ടികൾക്ക് പാവാടയും ബ്ലൗസും.

ട്രാഫിക് കുരുക്കിൽ, ജീൻസും ടീഷർട്ടും ധരിച്ച ചെറുപ്പക്കാർ ജാഥയെ ഇങ്ങനെ നിയന്ത്രിച്ചു:

'കീപ് ദ കാൻഡിൽ.

ഡോൺട് ടോക് മച്ച്.

മൂവ് ഫാസ്റ്റ്....'

കാക്കിവേഷക്കാർ സൈക്കിളിൽ പാഞ്ഞ് തങ്ങളുടെ ജാഥയെ നിയന്ത്രിച്ചു:

'ബോൽ ഭാരതമാതാകീ ജയ്....

സീധേ ചലോ

ബോലോ മത്...'

പത്തിരുപതു വർഷം മുമ്പുള്ള ഒരു ക്രിസ്ത്യൻ ജാഥയായിരുന്നുവെങ്കിൽ അതിൽ ക്രിസ്തീയ കീർത്തനത്തിലെ പഴയ പാട്ടോ, നാടൻ പ്രാർത്ഥനയോ, വിനയമോ ഒക്കെയുള്ള പാവം അപ്പച്ചൻമാരെയും അമ്മച്ചിമാരെയും കാണാൻ കഴിയുമായിരുന്നു. കൊച്ചുമക്കളെ ഗംഭീരസ്വരത്തിൽ ശാസിക്കുന്നവിധം അവർ ദൈവംതമ്പുരാനോടു കരഞ്ഞപേക്ഷിച്ചുകൊണ്ടു നടക്കുന്നതു കാണാമായിരുന്നു. അമ്മച്ചിമാരുടെ വേഷം മുണ്ടുഞൊറിഞ്ഞുടുക്കുന്നത് (നാലരമീറ്റർ മുണ്ട്), ചട്ട, ചട്ടയ്ക്കുമേൽ കസവുനേര്യത്, ചട്ടയും നേര്യതും കൃത്യമായി ബന്ധിപ്പിക്കുന്ന ഒരു പിൻപോലെ പ്രവർത്തിക്കുന്ന ബ്രോച്ച്..... എന്നീവിധം ആയിരിക്കും. ക്രിസ്ത്യാനിക്ക് ഒന്നും സ്വന്തമായില്ല; എന്നാൽ ഒന്നും അന്യമല്ലതാനും. വേഷം, ഭക്ഷണക്രമം, ഭാഷ എന്നിവയിൽ കേരളത്തിലെ മറ്റു സഹോദരവിഭാഗങ്ങൾ നിലനിർത്തിപ്പോരുന്ന തനിമയും സ്വാഭാവികതയും ക്രിസ്ത്യാനികൾക്കിടയിൽ നഷ്ടമായി. ഈ പൈതൃകഭാവം ഒരു ശക്തിയാണെന്നും ഈ ശക്തി നമ്മുടെ ദേശത്തിന്റെ മുഖ്യധാരയുമായി ഒന്നിച്ചുപോകുന്നതാണെന്നും സാധാരണ വിശ്വാസിയെ പഠിപ്പിക്കേണ്ട മതനേതൃത്വത്തിന് ഇതിനൊന്നുമല്ല സമയം.

മുണ്ടും ചട്ടയും നേര്യതും.... അപൂർവ്വം അമ്മമാർക്ക് ഇന്നും ഈ വേഷമുണ്ട്; കൂടുതലും ഗ്രാമവാസികളിൽ.

പ്രാചീനഭംഗിയും ആഢ്യത്വവും നിന്നുപോയത്, അമ്മമാർ മക്കളെക്കാണാൻ തുടരെ കടൽകടന്നു പോകാൻ തുടങ്ങിയതോടെയും സാരിക്ക് കൂടുതൽ സൗകര്യം എന്ന നില തോന്നിയതോടെയും ആയിരിക്കാം.

വിവിധ ഹിന്ദുവിഭാഗങ്ങളിലും മുസ്ലീം സമുദായത്തിലും പാരമ്പര്യാഭിമാനം അനുഭവിപ്പിക്കാനുള്ള ശ്രമം സജീവമായി നില്ക്കുന്നു. മധ്യതിരുവിതാംകൂറിൽത്തന്നെ മുസ്ലീങ്ങൾ നിർണ്ണായകമായ ഈരാറ്റുപേട്ട, പൂഞ്ഞാർ, കാഞ്ഞിരപ്പള്ളി, ചങ്ങനാശ്ശേരി, പത്തനംതിട്ട എന്നിവിടങ്ങളിൽ മുസ്ലീം ചെറുപ്പക്കാർ അവരുടെ പാരമ്പര്യഭാവത്തിൽ – ശിരോവസ്ത്രം ഉൾപ്പെടെ – ഇറങ്ങിനടക്കുന്നു.

കാമ്പസ്സുകളിൽ പർദ്ദ ധരിച്ചെത്തുന്ന പെൺകുട്ടികളുടെ എണ്ണം കൂടി. കോഴിക്കോടു നഗരത്തിൽ കഴിഞ്ഞ അഞ്ചു വർഷത്തിനിടയിൽ പർദ്ദകൾക്കു മാത്രമായി നാലു പ്രത്യേക ഷോറൂമുകൾ തുടങ്ങി.

നെറ്റിയിൽ കുറി വരയ്ക്കുന്ന ചെറുപ്പക്കാർ ഹിന്ദുസമുദായത്തിൽ അധികം ഉണ്ടായി; രാഖി കെട്ടിക്കൊടുക്കുന്നവരും.

### സെയ്ന്റ് തോമസ് വന്നില്ലെങ്കിൽ.....?

ജീവിതനിലവാരവും വിദേശപ്പണവും കൂടിയപ്പോഴുണ്ടായ മാനസിക പിരിമുറുക്കത്തിൽനിന്നു മോചനം തേടാൻ വിവിധ ക്രൈസ്തവസഭകൾക്കിടയിൽ കരിസ്മാറ്റിക് ധ്യാനകേന്ദ്രങ്ങൾ ഉണ്ടാകുകയും അതു പണം വാരുകയും ചെയ്യുന്നതൊഴിച്ചാൽ ക്രിസ്ത്യാനി അവന്റെ പാരമ്പര്യബോധം, വളർച്ചയുടെ വഴി, സാംസ്കാരികാടിത്തറ, വിശ്വാസദാർഢ്യം എന്നിവ മറന്നു. പഴയതെല്ലാം വിട്ടുകളഞ്ഞ അവന് പുതിയതൊന്നും കിട്ടാനില്ല; കിട്ടുന്നുമില്ല. ഹിന്ദു, മുസ്ലീം തീവ്രവാദത്തെ പിന്തുടരാൻ ക്രിസ്ത്യാനിക്കു കഴിയണം എന്നല്ല. ആത്മാവിൽ ദരിദ്രനും വയറ്റിൽ വിശപ്പുള്ളവനുമായ ഒരു സാധാരണ ക്രിസ്ത്യാനിക്ക് സഭയില്ല, പുരോഹിതനില്ല, ദൈവമില്ല, സ്വന്തമായി ഒന്നുമില്ല. കേരളത്തിലെ ക്രിസ്ത്യൻസഭകളുടെ അടിസ്ഥാനംതന്നെ ക്രിസ്തുശിഷ്യനായ സെയ്ന്റ് തോമസ് സ്ഥാപിച്ച സഭയുടെ അനന്തമായ കണ്ണി എന്ന


*(ശേഷം 5-ാം പേജിൽ)*

# നസ്രാണികളുടെ സ്വത്വവും സ്വാതന്ത്ര്യവും

(ഒന്നാം പേജിൽ നിന്നും)

കൂടിയേ തീരൂ. ഈ അധികാരം സമൂഹമനസ്സിന്റെ ആഴങ്ങളിൽ നിന്ന് നൂറ്റാണ്ടുകൾകൊണ്ട് രൂപം കൊള്ളുന്നതാണ്. ഒരു പ്രത്യേക സമൂഹത്തിന്റെ സകല സ്പന്ദനങ്ങളെയും തിരിച്ചറിയുകയും അതിന്റെ ഭാഗധേയത്തെ നിർണ്ണയിക്കുകയും ചെയ്യുന്ന ഈ 'സ്വാധികാര'ത്തിനു മാത്രമേ ആ സമൂഹത്തെ സംബന്ധിച്ച് ആധികാരികതയുള്ളു.

പത്തൊൻപതാം നൂറ്റാണ്ടിൽ, പാശ്ചാത്യരായ ലത്തീൻ മെത്രാന്മാരുടെ അവജ്ഞയും വെള്ളക്കാരായ റോമൻ കത്തോലിക്കരുടെ ധിക്കാരവും സഹിക്കാനാവാതെ, നാട്ടു മെത്രാനെ കിട്ടണമെന്നുള്ള അപേക്ഷയുമായി റോമിൽ പോയ പാറേമാക്കൽ തോമാ കത്തനാരും കരിയാറ്റിൽ യൗസേപ്പ് മൽപ്പാനും സ്വാധികാരം നഷ്ടപ്പെട്ട ഒരു സമൂഹത്തിന്റെ പ്രതിനിധികളായിരുന്നു. "ജാതിക്ക് തലവൻ ജാതിയിൽത്തന്നെ ഉണ്ടായിരുന്നാൽ, ആ ജാതിയ്ക്ക് കരുത്തും ബലവുമേറും എന്നുള്ള പട്ടാങ്ങ എല്ലാവർക്കും പ്രസിദ്ധമാണെ"ന്നുള്ള വാസ്ത വം അവർ രേഖപ്പെടുത്തിയെങ്കിലും, അപ്പോൾ കൂനൻകുരിശു സത്യം കഴിഞ്ഞിട്ട് ഏതാണ്ട് 200 വർഷങ്ങൾ കഴിഞ്ഞിരുന്നു എന്നു കൂടി ഓർക്കണം.

തങ്ങളുടെ 'സ്വാധികാര'ത്തെക്കുറിച്ച് ഒരു കാലത്ത് നല്ല ബോധമുണ്ടായിരുന്ന നസ്രാണി സമൂഹത്തിന് പോർച്ചുഗീസ് അധിനിവേശത്തെ തുടർന്നുള്ള അരനൂറ്റാണ്ടുകാലത്തെ അടിമവ്യവസ്ഥയോടെയാണ് അത് നഷ്ടപ്പെടുവാൻ തുടങ്ങിയത്. ഇതൊരു പ്രവാസകാലമായിരുന്നു നസ്രാണികൾക്ക്. വിശ്വാസപരമായും ബൗദ്ധിക്കമായും സാംസ്ക്കാരികമായും അവർക്ക് സ്വന്തമായതിൽ നിന്ന്, അവരുടെ സ്ഥലത്തു വച്ചു തന്നെ, അവരെ പുറത്താക്കാനുള്ള ശ്രമമാണ് പോർച്ചുഗീസ് റോമൻ കത്തോലിക്കർ നടത്തിയത്. 1599 -ലെ ഉദയംപേരൂർ സുന്നഹദോസ് മുതൽ 1653 -ലെ കൂനൻ കുരിശ് സത്യം വരെയുള്ള അടിമത്താന്ധകാരത്തിൽ, നസ്രാണി സമൂഹമനസ്സിന്റെ അന്തർദീപം കെടാതെ സൂക്ഷിച്ച പൂർവികർ നമുക്കുണ്ടായിരുന്നു. അവരാണല്ലോ ആ നാളത്തിൽ നിന്ന് കൂനൻകുരിശിൽ, വിമോചനത്തിന്റെ അഗ്നിസ്ഫുലിംഗങ്ങൾ ഉയർത്തിയത്. എങ്കിലും നമ്മുടെ സമൂഹത്തിൽ ഒരു നല്ല പങ്കിനെ പാശ്ചാത്യരുടെ പാദസേവകരും സ്തുതിപാഠകന്മാരുമായി തിരിച്ചുപിടിക്കാൻ കർമ്മലീത്തരും ജസ്വിത്തരുമായ റോമൻ മിഷണറിമാർക്ക് കഴിഞ്ഞു.

നമ്മുടെ അധികാരത്തിന്റെ താക്കോൽ നമ്മിൽ ഒരു വിഭാഗം തന്നെ പഴയ മേലാളന്മാർക്ക് തിരികെ കൊടുത്തു. പാശ്ചാത്യരുടെ കൊളോണിയൽ സാമ്രാജ്യം ഉണ്ടാകുന്നതു വരെ വി. പത്രോസിന്റെ പിൻഗാമിയ്ക്ക് ഒരു താക്കോൽ മാത്രമേ ഉണ്ടായിരുന്നുള്ളു. ഇപ്പോൾ ഒരു മുഴുവൻ താക്കോൽ കൂട്ടമുണ്ട്. അതിലൊന്ന് നമ്മുടെ നസ്രാണി സഹോദരങ്ങൾ ഇൻഡ്യയിൽ നിന്ന് ആദരപൂർവ്വം അടിയറ വച്ചതാണ്. എങ്കിലും സ്വജാതിയുടെ കരുത്തും ബലവും വീണ്ടെടുക്കാനുള്ള മാർഗ്ഗം "ജാതിക്കു തലവൻ ജാതിയിൽത്തന്നെ" ഉണ്ടാവുകയാണെന്നുള്ള പട്ടാങ്ങ പാറേമാക്കൽ തോമാക്കത്തനാരുടെ ഉള്ളിൽ തിളച്ചുമറിഞ്ഞുകൊണ്ടിരുന്നു. ആ തിളച്ചു തൂവൽ തുടരുന്നതിന്റെ അടയാളമാണ് "കൽദായവൽക്കരണ"ത്തെപ്പറ്റിയും വൈദികരുടെ 'പിൻഭാഗ ദർശന'ത്തെപ്പറ്റിയും ഇപ്പോൾ നടക്കുന്ന ബാലിശമെന്ന് തോന്നാവുന്ന തർക്കങ്ങൾ. പക്ഷേ ഇതുവരെയും കാര്യത്തിന്റെ കാതലിൽ മലബാർ കത്തോലിക്കാ സമൂഹം തൊട്ടിട്ടില്ല. സ്വാധികാരമുള്ള ഒരു സ്വതന്ത്ര പൗരസ്ത്യ അപ്പോസ്തോലികസഭയുടെ അധികാരത്തിന്റെ കടിഞ്ഞാൺ അറിഞ്ഞും അറിയാതെയും 'റോമിന്റെ ബിഷപ്പായ' പാശ്ചാത്യ പാത്രിയർക്കീസിന്റെ സിംഹാസനത്തിൽ ബന്ധിക്കപ്പെട്ടിരിക്കുന്നു എന്നതാണ് കാതലായ പട്ടാങ്ങ. ആ ബന്ധനത്തിൽ നിന്ന് മോചനം പ്രാപിക്കുവാൻ പലർക്കും ആഗ്രഹമില്ല. കാരണം പണം, ശക്തി, സ്വാധീനം തുടങ്ങിയവ നഷ്ടപ്പെടും എന്ന പഴയ കാരണങ്ങൾ. ആഗ്രഹമുള്ളവരും അത് മുഴുവൻ തുറന്നു പറയുകയില്ല. കാരണം മേൽപ്പറഞ്ഞതു തന്നെ. പിന്നെ 'പൗരസ്ത്യം' 'പള്ളിയോഗം,' 'തോമായുടെ മാർഗ്ഗം' തുടങ്ങിയ പ്രയോഗങ്ങൾ നടത്തി സമാധാനിക്കാമെന്ന് മാത്രം.

ആരാധനയിൽ വൈദികൻ "പുറം തിരിഞ്ഞു നിൽക്കുന്നു"വെന്ന വിമർശനത്തെക്കുറിച്ച് ഒരു വാക്ക് ഇവിടെ പ്രസക്തമാണ്.

പ്രശസ്തനായ അമേരിക്കൻ സാമൂഹിക ശാസ്ത്രജ്ഞനാണ് പീറ്റർ ബെർജർ (Peter Berger). ആധുനിക ലോകത്തിൽ മതവിശ്വാസം നേരിടുന്ന വെല്ലുവിളികളെ സാമൂഹികശാസ്ത്രത്തിന്റെയും മതമനഃശാസ്ത്രത്തിന്റെയും കാഴ്ചപ്പാടിൽ അദ്ദേഹം ഉൾക്കാഴ്ച്ചയോടെ വിശകലനം ചെയ്യുന്നുണ്ട്. രണ്ടാം വത്തിക്കാൻ സുന്നഹദോസിനുശേഷം, കുർബാനസമയത്ത് വൈദികൻ ജനത്തിനു നേരെ തിരിഞ്ഞുനിൽക്കണം എന്ന പരിഷ്ക്കാരത്തെ അദ്ദേഹം വിമർശിക്കുന്നു. ഒരു സ്നേഹിതനെ ഉദ്ധരിച്ചുകൊണ്ട്, അൾത്താരമേശയ്ക്ക് പുറകിൽ നിന്ന് ജനത്തെ നോക്കി ബലിയർപ്പിക്കുന്ന വൈദികൻ, ബാറിൽ നിന്ന് ലഹരി പാനീയങ്ങൾ എടുത്തുകൊടുക്കുന്ന ബാർമാനെ അനുസ്മരിപ്പിക്കുന്നു എന്ന് ബെർജർ എഴുതി (*A Far Glory*, NewYork, 1993, p. 95). പാശ്ചാത്യ ക്രിസ്തീയ സമൂഹം അതിന്റെ ചരിത്രാതീതവും അതീന്ദ്രിയവുമായ ദിഗ്ബോധത്തെ (transcendence) ഉപേക്ഷിച്ച് സാമൂഹ്യമായ ഒരു ഒത്തുചേരലിൽ മാത്രം അഭിരമിക്കുന്നതിന്റെ സൂചനയാണ് ഈ പരിഷ്ക്കാരം എന്നാണ് ബെർജറുടെ അഭിപ്രായം. ഇത് ഒരു തരം വിഗ്രഹാരാധനയാണെന്ന് അദ്ദേഹം പറയുന്നു. വൈദികൻ ആരാധനയിൽ തങ്ങൾക്ക് പുറംതിരിഞ്ഞ് നിന്നാൽ അത് ഒരുതരം അവഹേളനമായിട്ട് കരുതാൻ മാത്രമുള്ള ആത്മീകതയെ പാശ്ചാത്യരായ ജനങ്ങളിൽ അവശേഷിച്ചിട്ടുള്ളുവത്രേ. അതിനപ്പുറത്തേക്ക് കാണാനുള്ള പ്രതീകശേഷി നഷ്ടപ്പെട്ടു.

ക്രിസ്തീയ പാരമ്പര്യത്തിൽ, മൂന്നാം നൂറ്റാണ്ടു മുതലെങ്കിലും, സമൂഹാരാധനയ്ക്ക് നേതൃത്വം നൽകുന്ന പുരോഹിതൻ, ജനങ്ങളോടൊപ്പം കിഴക്കോട്ട് തിരിഞ്ഞു നിന്നാണ് കുർബാനയർപ്പണം നടത്തുക, ഉദയസൂര്യന്റെ ദിക്കായ കിഴക്ക് എന്നത് "കിഴക്ക് സ്ഥാപിച്ച" പറുദീസയുടെയും "നീതിസൂര്യനായ" ക്രിസ്തുവിന്റെയും സൂചനയാണ്. പറുദീസ നഷ്ടപെട്ട മനുഷ്യൻ അതിലേക്ക് തിരിച്ചുപോകാൻ അദമ്യമായ ആഗ്രഹം പ്രകടിപ്പിക്കുന്നതു മുതൽ നീതി സൂര്യനായ ക്രിസ്തു "രോഗോപശാന്തിയോടെ" വീണ്ടും വരുന്നതിനെ കാത്തിരിക്കുന്നതു വരെയുള്ള നിരവധി കാര്യങ്ങൾ പ്രതീകാത്മകമായി പ്രകടിപ്പിക്കുന്നതാണ് കിഴക്കോട്ടു തിരിഞ്ഞുള്ള നിൽപ്. ഇതിന്റെ ആഴമായ പ്രതീകഭംഗിയെ പൂർണ്ണമായും മനസ്സിലാക്കി തന്നെയാണ് പൗരസ്ത്യസഭകളുടെ ആരാധനയും ആദ്ധ്യാത്മികതയും രൂപപ്പെടുത്തിയിരിക്കുന്നത്.

ഒറ്റ നോട്ടത്തിൽ കിഴക്കോട്ടോ പടിഞ്ഞാറോട്ടോ തിരിയുന്നത് ചെറിയ കാര്യമായിരിക്കാം. ഇക്കാര്യം ഇവിടെ സൂചിപ്പിച്ചത് നസ്രാണികളുടെ സ്വത്വബോധത്തെയും സ്വാധികാരത്തെയും കുറിച്ചുള്ള ചർച്ചയിൽ ഇത് പ്രസക്തമാകുന്നതുകൊണ്ടാണ്. പാശ്ചാത്യരുടെ മതമനഃശാസ്ത്രത്തിലും സാമൂഹിക ധാരണകളിലും വന്ന മാറ്റം കൊണ്ട് ക്രിസ്തീയസഭയുടെ അതിപുരാതനമായ ഒരു പ്രതീകത്തിന് അർത്ഥഭംഗം വരുകയും അവരതിനെ വികലമായി കാണുകയും ചെ യ്തു. ഉടൻതന്നെ ഇങ്ങു കിഴക്ക് ഇൻഡ്യയുടെ ഒരു കോണിലുള്ള പുരാതന പൗരസ്ത്യ ക്രിസ്ത്യാനികൾ എന്നഭിമാനിക്കുന്ന ഒരു സമൂഹത്തിൽ അതിന്റെ രൂക്ഷമായ അലയടികളുണ്ടായി. യൂറോപ്പിൽ ആരെങ്കിലും തുമ്മിയാൽ ഇവിടെ പനി പിടിക്കുന്ന പൊതുലക്ഷണമാണിത്. അതിന്റെയർത്ഥം ഈ സമൂഹത്തിന്റെ വേരുകൾ പകുതിയിലേറെ പാശ്ചാത്യ സംസ്ക്കാരത്തിന്റെ മണ്ണിലാണ് എന്നാണ്. കുറെ വേരുകൾ എങ്കിലും പഴയ മണ്ണിൽ കിടക്കുന്നതുകൊണ്ടായിരിക്കാം ഇതൊരു തർക്ക പ്രശ്നമായി സീറോ മലബാർ സഭയിലുയർന്നത്.

ഓർത്തഡോക്സ് (യാക്കോബായ) സഭയിലെ വ്യവഹാരങ്ങളും അടിപിടികളും സമാനസ്വഭാവമുള്ളതാണ്. പക്ഷേ, കൂനൻ കുരിശു സത്യം നടന്ന് അധികം താമസിയാതെ നാട്ടുമെത്രാനെ 'ഉണ്ടാക്കിയെടുത്ത' അഭിമാനകരമായ പാരമ്പര്യമാണ് ആ സമൂഹത്തിനുള്ളത്. സ്വന്തം മാംസത്തിലും രക്തത്തിലുമുള്ള സഹോദരങ്ങൾ പാശ്ചാത്യ കൊളോണിയൽ – റോമൻ സഭാ വ്യവസ്ഥയുടെ അധീശത്വവാദങ്ങളോട് വിശ്വ സ്ത വിധേയത്വം പുലർത്തി, "പഴയകൂറു" കാരായി, "പുനരൈക്യ"പ്പെട്ടപ്പോൾ, പൗരസ്ത്യവും അപ്പോസ്തോലികവുമായ മലങ്കര സഭയുടെ പുരാതനമായ 'സ്വാധികാര'ത്തെ ഊതിത്തെളിയിക്കാനാണ് "പുത്തൻ കൂറ്റുകാർ" ശ്രമിച്ചത്. ഈ ആത്മജ്വാലയിൽ ഒട്ടും വെള്ളം തളിക്കാതെയാണ് അന്ത്യോഖ്യൻ സഭാധികാരവുമായി അവർ ഇടപെടുന്നത്. പാശ്ചാത്യരെപ്പോലെ തന്നെ, നമ്മുടെ ഹൃദ്യമായ സ്വീകരണവും ഉപചാരങ്ങളും ആദരവും ക്രമേണ മുതലെടുത്ത് ചെറിയ സഭയായ അന്ത്യോഖ്യക്കാരും മലങ്കരസഭയുടെ ഊരാണ്മയിലേക്ക് പ്രവേശിച്ചു. തുറന്ന മനസ്സോടെ നാം സ്വീകരിച്ച ആ "ആത്മീയാധികാര"ത്തിന്റെ ചെമ്പ് തെളിഞ്ഞുവന്ന മുറയ്ക്ക് ഇവിടെ പ്രതിരോധവും ആരംഭിച്ചു. പിന്നീടുള്ള കഥകൾ എല്ലാവർക്കും അറിവുള്ള നമ്മുടെ ആനുകാലിക ചരിത്രത്തിന്റെ ഭാഗമാണ്.

മലബാർ കത്തോലിക്കാ സഭയിലെ ന്നപോലെ മലങ്കര ഓർത്തഡോക്സ് സഭയിലും സ്വാധികാരത്തിന്റെ കടിഞ്ഞാണുകൾ ചിലത് ബന്ധിച്ചിരിക്കുന്നത് അന്ത്യോഖ്യാ സിംഹാസനത്തിന്റെ കാലുകളിലാണെന്ന് തെളിയുന്നു. അതുകൊണ്ടാണല്ലോ സ്വാർത്ഥമോഹികളായ ചില നേതാക്കന്മാർക്കെങ്കിലും പാവപ്പെട്ട സാധാരണ ജനങ്ങളിൽ ഒരു ഭാഗത്തെ സമാധാന ശ്രമങ്ങൾക്ക് എതിരായി അണിനിരത്തുവാൻ കഴിയുന്നത്. ജനങ്ങൾ ഒരുപകരണം മാത്രമാണ് ഇവിടെ. സമാധാനമെന്ന് നേതാക്കൾ പറഞ്ഞാൽ അവർ സമാധാനമാകും. അടിയെന്ന് പറഞ്ഞാൽ അടിക്കും. ഇത് പൂർണ്ണമായും, നയിക്കുന്നവരുടെ തന്ത്രങ്ങളെയും ജാടകളെയും ആശ്രയിച്ചാണ് നിൽക്കുന്നത്. സ്വാധികാരം നഷ്ടപ്പെടുത്താൻ പാവം ജനങ്ങളെ വീണ്ടും വീണ്ടും പരിശീലിപ്പിക്കുകയാണ് ഈ നേതാക്കന്മാർ.

"ജാതിക്കു തലവൻ ജാതിയിൽ തന്നെ" ഉണ്ടായിട്ടും ആ തലവൻ മറ്റാർക്കോ കീഴ്സ്ഥാനിയാണെന്ന് ഏറ്റുപറഞ്ഞാൽ പ്രശ്നം പരിഹരിക്കാം എന്നു പറയുന്ന നമ്മുടെ സ്വന്തം ജാതിയുടെ സ്വാധികാരത്തെക്കുറിച്ച് ചർച്ച ചെയ്യുന്നതു തന്നെ അസ്ഥാനത്താണെന്ന് തോന്നുന്നു. "കറുത്തവരായ ഇന്ത്യാക്കാരെ" ക്കുറിച്ചും "ഭീകരഹിന്ദുസ്ഥാന"ത്തെക്കുറിച്ചും വർണ്ണ വിവേചനത്തോടെയും വംശീയമായ ധിക്കാരത്തോടെയും വർണ്ണിക്കുന്ന സുറിയാനിപ്പാട്ടുകൾ ഇപ്പോഴും രാഗവിശുദ്ധിയോടെ ഭക്തിനിർഭരമായി പാടുന്നതിൽ ആത്മവിസ്മൃതി കണ്ടെത്തുന്ന കറുത്തവരായ ഇൻഡ്യാക്കാരാണ് നാം എന്ന് മറക്കാതിരിക്കാം.

### ഉപസംഹാരം

ഒരേ രക്തത്തിന്റെയും ഒരേ പാരമ്പര്യത്തിന്റെയും അവകാശികളായ മാർത്തോമ്മാ ക്രിസ്ത്യാനികളുടെ സമൂഹം ചിന്നഭിന്നമായിക്കൊണ്ടിരിക്കുന്നതിൽ ആർക്കാണ് ദുഃഖം? നമ്മുടെ ജനങ്ങളിലും വൈദികരിലും മേൽപ്പട്ടക്കാരിലും ബഹുഭൂരിപക്ഷവും ഇതിൽ കഠിനമായി ദുഃഖിക്കുന്നവരാണ് എന്ന് വിചാരിക്കാം. വേരുകളെക്കുറിച്ച് ബോധമുള്ളവർക്കേ ദുഃഖമുണ്ടാവുകയുള്ളു. "സ്വർഗ്ഗത്തിൽ വസിക്കുന്നവൻ ചിരിക്കുന്നു" എന്നു പറഞ്ഞതുപോലെ റോമിലും ദമാസ്ക്കസിലും ബാഗ്ദാദിലും കാന്തരപുരിയിലും ഇരിക്കുന്നവർ ചിരിക്കുന്നു. കാരണം അവരുടെ പേരിലാണല്ലോ മാർത്തോമ്മായുടെ മക്കൾ കേരളത്തിൽ അടിയിട്ടു പിരിയുന്നത്.

സുപ്രീംകോടതി വിധികൾക്കോ ഭരണഘടനകൾക്കോ ഒരിക്കലും പരിഹാരം കാണാനാവാത്ത പ്രശ്നമാണ് നമ്മുടേത്. ഒരു മാർഗ്ഗമേയുള്ളു. നമ്മുടെ ജനങ്ങൾ അവർക്ക് സ്വന്തമായതിലേക്ക് തിരിച്ചുവരിക. സ്വന്തം വേരുകളിൽ ഉറച്ചുനിൽക്കുക. പണ്ടെന്നോ റോമാ സാമ്രാജ്യത്തിന്റെ വിവിധ കോണുകളിൽ അധികാരം കൈയ്യാളിയ സഭാസ്ഥാപനങ്ങൾക്ക് ഭാരതത്തിലെ നമ്മുടെ ക്രൈസ്തവ ജീവിതപാരമ്പര്യത്തിന്മേൽ അധികാരമൊന്നുമില്ല എന്നു തിരിച്ചറിയുക. നമ്മുടെ സ്വാധികാരം നമ്മുടെ സമൂഹത്തിലും അതിന്റെ മനസ്സാക്ഷിയിലും നിക്ഷിപ്തമായിരിക്കുന്നു എന്ന് ഉറച്ചു പറയുക.

റോമിലും ദമാസ്ക്കസിലും ബാഗ്ദാദിലും മറ്റുമുള്ള സിംഹാസനങ്ങളിൽ നാം സ്വയം കെട്ടിയിരിക്കുന്ന കയറുകൾ പൊട്ടിച്ചെങ്കിൽ മാത്രമേ ഇവിടുത്തെ മാർത്തോമ്മാ ക്രിസ്ത്യാനികൾ അവരുടെ സ്വകീയമായ ആദ്ധ്യാത്മിക പ്രതിഭയിലേക്കും യഥാർത്ഥ ക്രിസ്തീയസാക്ഷ്യത്തിലേക്കും പരസ്പരമുള്ള ഐക്യത്തിലേക്കും തിരിച്ചുവരുകയുള്ളു. അതോടൊപ്പം ആ ക്രിസ്തീയ കേന്ദ്രങ്ങളോടും അവിടത്തെ ക്രിസ്തീയ സഭകളോടും തെളിഞ്ഞ സ്നേഹത്തിലും സംസർഗ്ഗത്തിലും നമുക്ക് കഴിയുകയും ചെയ്യാം. അടിസ്ഥാനപരമായി ഇത് ഭാരതത്തിലെ നസ്രാണികളുടെ തിരിച്ചറിവിന്റെയും തീരുമാനശേഷിയുടെയും പ്രശ്നമാണ്. ■

## ശ്രദ്ധിക്കുക

**'മലങ്കര നസ്രാണി'യിൽ വരുന്ന ലേഖനങ്ങളുടെ ഉള്ളടക്കത്തെ സംബന്ധിച്ച ഉത്തരവാദിത്വം ലേഖകർക്കു മാത്രമാണ്. ചർച്ചകൾക്ക് വഴിയൊരുക്കുക എന്ന ലക്ഷ്യത്തോടെയാണ് പല ലേഖനങ്ങളും വാർത്തകളും കൊടുക്കുന്നത്. ലേഖനങ്ങളുടെയെല്ലാം ഉള്ളടക്കത്തോട് പത്രാധിപർക്ക് യോജിപ്പുണ്ടായിരിക്കണമെന്നില്ല. സഭയിലെ തെറ്റായ പ്രവണതകൾക്കെതിരെ പ്രവാചകശബ്ദത്തോടെയുള്ള പ്രതികരണങ്ങൾക്കു നേരെ മുഖം തിരിക്കുവാൻ 'മലങ്കര നസ്രാണി'ക്കു കഴിയുകയുമില്ല.**

**– ജോയ്സ് തോട്ടയ്ക്കാട് (എഡിറ്റർ)**

# മലങ്കരയിൽ പുനരേകീകരണം എന്തിന്?

ഫാ. അബ്രഹാം ഫിലിപ്പ് (ബിജേഷ് അച്ചൻ, നാഗപ്പൂർ സെമിനാരി)

മലങ്കരയിൽ എന്തിനു സമാധാനം ഉണ്ടാക്കണമെന്ന ചോദ്യം ചർച്ചയ്ക്കു വിഷയമാക്കേണ്ട കാര്യം പോലുമില്ല എന്ന ഒരു മൂക ശബ്ദമാണെവിടെയും മുഴങ്ങികേൾക്കുന്നത്. സമാധാനം എങ്ങനെ എന്നു ചിന്തിച്ച് വഴിമുട്ടി നിൽക്കുമ്പോൾ പൂർണ്ണ ഐക്യത്തിലൂടെ ഉള്ള സമാധാനം എന്തിന് എന്നത് ചിന്താവിഷയമാകുന്നത് ഇന്നും വളരെ പ്രസക്തമാണെന്നു തോന്നുന്നു.

വിവാഹം, ശവസംസ്ക്കാരം തുടങ്ങിയ സാമൂഹ്യാവശ്യങ്ങൾ നടത്തി കൊടുക്കുന്ന ഒരു സംഘടനയോ, അല്പം ആത്മീയ അനുഭൂതി പകരുകയും സുഖസൗകര്യങ്ങളും സുരക്ഷിതത്വങ്ങളും ഉറപ്പാക്കുകയും വർദ്ധിപ്പിച്ചുകൊടുക്കുകയും ചെയ്യുവാൻ സഹായിക്കുന്ന ഒരു സ്ഥാപനമായോ നിൽക്കുവാൻ മാത്രമാണ് മലങ്കരസഭയുടെ ദൗത്യമെങ്കിൽ ഐക്യത്തിലൂടെയുള്ള സമാധാനം എന്തിനെന്നുപോലും ചിന്തിക്കുന്നത് ശുദ്ധ വിഢിത്തമായിരിക്കും. എന്നാലിതൊരു ക്രിസ്തീയ സഭയാണല്ലോ. പ്രത്യേകിച്ച് ഐക്യത്തിന് ആഹ്വാനം ചെയ്യുന്നതും ഉൾഭരണസ്വാതന്ത്ര്യം ഉറപ്പുവരുത്തുന്നതുമായ 95 -ലെ സുപ്രീം കോടതിവിധിയും സഭൈക്യത്തിനുവേണ്ടി ആഹ്വാനം ചെയ്യുന്ന ഇരു സുന്നഹദോസുകളും സമാധാന നീക്കങ്ങൾക്കു പ്രചോദനമേകുമെന്ന പ്രതീക്ഷയിൽ ഈ വിഷയം ചർച്ച ചെയ്യാം.

ജീവിതം അർത്ഥവത്താക്കുന്ന ക്രിസ്തുവിനെ സഭ ഗൗരവമായിട്ടെ ടുക്കുന്നു എന്നുൽഘോഷിക്കുവാനുള്ള ഒരു പ്രധാനമാർഗ്ഗമാണ് ആത്മാർത്ഥമായ അനുരഞ്ജന ശ്രമം. മലങ്കരസഭയുടെ പെരുന്നാളുകളും പ്രാർത്ഥനകളും, വി. കുർബ്ബാനയും, തിരുവചനധ്യാനങ്ങളും, ഏവൻഗേലിയോൻ വായനകളുമെല്ലാം സമൃദ്ധമായ ജീവന്റെ ഉറവായ ക്രിസ്തുവിലേക്കും ക്രിസ്തുവിൽ വെളിപ്പെട്ട പ. ത്രിത്വത്തിലേക്കും ഓരോ തലമുറയുടെയും ശ്രദ്ധ ക്ഷണിച്ചുകൊണ്ടിരിക്കുകയാണല്ലോ. സ്നേഹത്തിന്റെയും സമാധാനത്തിന്റെയും ദൈവരാജ്യവ്യവസ്ഥ പഠിപ്പിച്ച ക്രിസ്തുവിനെ സഭയായി ഗൗരവമായിട്ടെടുക്കുന്നു എന്നത് ധീരമായ നടപടികളിലൂടെ അറിയിക്കുന്നത് ക്രിസ്തുവിൽ നിലനിന്ന് വളരുവാൻ സഭാംഗങ്ങൾക്ക് പ്രചോദനമാകും. അധാർമ്മികതയുടെ മഹത്വവൽക്കരണത്തിലും ഭൗതികതയുടെ അതിപ്രസരത്തിലും അടിപതറുന്നവരുടെ എണ്ണം വർദ്ധിക്കുന്ന ആധുനിക ലോകത്തിൽ ഈ സൗഖ്യദാന ശുശ്രൂഷ സഭയ്ക്ക് അത്യന്താപേക്ഷിതമാണ്.

വിഭാഗീയതയുടെയും ശിഥിലീകരണത്തിന്റെയും ലോകത്തിൽ സഭ അനുരഞ്ജനത്തിന്റെയും സമാധാനത്തിന്റെയും ഒരു കൂദാശയാകേണ്ടതാണ്. വർണ്ണവർഗ്ഗ വ്യത്യാസവും ഔദ്യോഗിക വേർതിരിവുകളും മറ്റെല്ലാ വിവേചനങ്ങളും അതിജീവിച്ച് (ഗലാ 3:28) നീതിയുടെയും സമാധാനത്തിന്റെയും ഒരു മനുഷ്യസമൂഹ നിർമ്മിതിയാണല്ലോ സഭയിൽ നടക്കേണ്ടത്. ദൈവത്താൽ നവീകരിക്കപ്പെട്ട സൃഷ്ടിയുടെ ഒരു മാതൃകയായിട്ടാണല്ലോ സഭയെ ആക്കി വച്ചിരിക്കുന്നത്. യുഗോസ്ലോവിയായിലും ഇന്തോനേഷ്യയിലും ശ്രീലങ്കയിലുമൊന്നും മാത്രമല്ല, നാനാത്വത്തിലെ ഏകത്വം മുഖമുദ്രയാക്കിയിട്ടുള്ള ഇൻഡ്യയിൽ തന്നെയും ശിഥിലീകരണത്തിന്റെ സ്ഫോടനങ്ങളേറുകയാണ്. ഈ സാഹചര്യത്തിൽ സമൂഹത്തിൽ അനുരഞ്ജനത്തിന്റെ ശുശ്രൂഷയിൽ പങ്കുചേരേണ്ട സഭ അതിനുള്ള ധാർമ്മിക അധികാരം വീണ്ടെടുക്കേണ്ടത് സ്വയം ഐക്യം ആചരിച്ചാകണം. "നിങ്ങൾക്കു തമ്മിൽ തമ്മിൽ സ്നേഹം ഉണ്ടെങ്കിൽ നിങ്ങൾ എന്റെ ശിഷ്യന്മാർ എന്നു എല്ലാവരും അറിയും" (യോഹ 13:35). മലങ്കരസഭയ്ക്ക് ഈ സാക്ഷ്യം നിർവ്വഹിക്കുവാൻ എങ്ങനെയാണ് സാധിക്കുന്നത്?

സാഹചര്യങ്ങളുടെ സമ്മർദ്ദത്തിലൂടെയും ദൈവം ഐക്യത്തിനുള്ള ആഹ്വാനം നൽകുന്നുണ്ട്. ആനുരഞ്ജനത്തിനുവേണ്ടി അദമ്യമായി ആഗ്രഹിച്ചുകൊണ്ട് ആത്മാർത്ഥമായി ആഹ്വാനം ചെയ്യുന്ന 1995 -ലെ സുപ്രീം കോടതി വിധി എഴുതിയവരെ മലങ്കരയോടു സുവിശേഷമറിയിച്ച അക്രൈസ്തവരിൽ പ്രധാനികളായി കരുതുന്നത് അധികമാകുമെന്നു തോന്നുന്നില്ല. അതേസമയം മലങ്കരയുടെ പുരോഗതിയുടെ നാഴികക്കല്ലായ പൂർണ്ണ ഉൾഭരണ സ്വാതന്ത്ര്യവും ഏകഭരണ ഘടനയും ശക്തമായി സംരക്ഷിക്കുവാനും വിധി ശ്രദ്ധിച്ചിട്ടുണ്ടല്ലോ. ഇരുവിഭാഗങ്ങളും കൂടി നടക്കുന്ന പള്ളികൾ നിലനിൽക്കുന്നതും അവിടെയൊന്നും ന്യൂനപക്ഷങ്ങൾ പുതിയ പള്ളികൾ വച്ച് മാറിപ്പോകാൻ സമ്മതിക്കാത്തതും ഐക്യത്തിനുള്ള പരോക്ഷമായ സമ്മർദ്ദമല്ലേ. ഇൻഡ്യയുടെ പലയിടങ്ങളിലും പള്ളികൾ തകർക്കപ്പെടുന്നതിൽ ക്രിസ്ത്യാനികൾ പൊതുവേ വിലപിക്കുമെങ്കിലും വ്യവഹാരത്തിൽ പൂട്ടിക്കിടന്ന് മലങ്കരയിലെ ചില ദേവാലയങ്ങൾ നശിക്കുന്നതിൽ കൂട്ടായ വിലാപങ്ങളുയരുന്നില്ല.

വർദ്ധിച്ചുവരുന്ന പുതിയ ഭീഷണികളുടെ മുമ്പിൽ പരസ്പരപരിപോഷണവും ശക്തീകരണവും അനിവാര്യമാണ്. പരിസ്ഥിതി മലിനീകരണം, വളരുന്ന മതമൗലികത, ഫാസിസം, ദാരിദ്ര്യത്തിന്റെയും അക്രമത്തിന്റെയും ഭീകരത, ഭൗതികതയുടെ വേലിയേറ്റത്തിൽ മുങ്ങുന്ന ആദ്ധ്യാത്മികത തുടങ്ങിയ അനേകം ജീവിത ഭീഷണികളെ ഐക്യത്തോടെ നേരിടേണ്ടത് അനിവാര്യമാണ്. ഇരുപക്ഷത്തും വിശുദ്ധിയിലും വിജ്ഞാനത്തിലും മികവു തെളിയിച്ച ആളുകളും സ്ഥാപനങ്ങളും ഏകസഭയിൽ പൊതുവായി പ്രയോജനപ്പെടുത്തി ഈ ഭീഷണികളെ നേരിടുവാൻ പുതിയ തലമുറകളെ സജ്ജമാക്കുകയും ഭൗതികതയിലേക്കും, അനുഭൂതി മാത്രം പകരുന്ന കൂട്ടായ്മകളിലേക്കുമുള്ള സഭാംഗങ്ങളുടെ കുടിയേറ്റത്തെ തടയുകയും ചെയ്യേണ്ടതാണ്.

സഭയുടെ സമയവും ഊർജ്ജവും പണവുമെല്ലാം കക്ഷിവഴക്കുകളിൽ ഒട്ടും നഷ്ടപ്പെട്ടുപോകാതെ സഭയുടെ ദൈവീകരണത്തിനും സുവിശേഷദൗത്യനിർവ്വഹണത്തിനും തിരിച്ചുവിടുന്ന ഒരു വ്യവഹാരരഹിത സമാധാനസഭയ്ക്കായി സത്വര നടപടികളെടുക്കേണ്ടത് അത്യന്താപേക്ഷിതമാണ്.

വിഭാഗീയതയുടെ ലോകത്ത് പുനരേകീകരണത്തിന്റെ ചില ലോകചരിത്ര സംഭവങ്ങൾ, ആരാധനയിലും അനുതാപത്തിലും മുന്നേറുന്നു എന്നവകാശപ്പെടുന്ന മലങ്കര സഭയുടെ കണ്ണു തുറപ്പിക്കേണ്ടതാണ്. അവയിൽ ഏറ്റവും അടുത്തയിട നടന്ന ഉത്തരദക്ഷിണ കൊറിയകളുടെ പുനരേകീകരണശ്രമം അതിശ്രദ്ധേയമാണ്. ലക്ഷങ്ങൾ കൊല്ലപ്പെട്ട, പല യുദ്ധങ്ങൾ പരസ്പരം നടത്തിയ, വളരെ വ്യത്യസ്തമായ രണ്ടു ഭരണ സമ്പ്രദായങ്ങൾ നിലനിർത്തിയ, അര നൂറ്റാണ്ടായി തമ്മിലടിച്ച് സമാധാനത്തിനുള്ള ഒരു തുറന്ന ചർച്ചക്കുപോലും തയ്യാറാകാതിരുന്ന കൊറിയയിലെ ഇരുവിഭാഗങ്ങളും പുനരേകീകരണത്തിനു ശ്രമിക്കുന്നത് എത്ര അത്ഭുതകരമാണ്. ഒന്നിച്ചാൽ ഏഷ്യയിലെ വൻശക്തികളിലൊന്നാകാമെന്നുള്ള ആശയും അതിർത്തിക്ക് ഇരുഭാഗത്തുമകപ്പെട്ടുപോയ ജനതയെ ഒന്നിപ്പിക്കണമെന്നുള്ള ജനങ്ങളുടെ ആവശ്യവുമെല്ലാം ഈ ശ്രമത്തിന് ആക്കം വർദ്ധിപ്പിക്കുകയാണ്. ഇരു രാഷ്ട്ര നേതാക്കളും ചേർന്നു നടത്തിയ ചർച്ചകളിൽ രൂപപ്പെടുത്തിയ പല പദ്ധതികളിലൊന്ന് വരുന്ന സിഡ്നി ഒളിംപിക്സിന്റെ ഉദ്ഘാടന സമാപന ചടങ്ങുകളിൽ ഇരുരാഷ്ട്രങ്ങളും ഒറ്റ ബാനറിനു കീഴിൽ അണി നിരക്കുക എന്നതാണ്. കൊറിയയുടെ നൂറിലൊന്നു പോലും വിഭാഗീയതയോ വൈരാഗ്യമോ പ്രതികാരദാഹമോ ഒന്നും വളർന്നിട്ടില്ലാത്ത മലങ്കരയിൽ ഒരു പുനരേകീകരണത്തിനുള്ള സാദ്ധ്യത എത്രയധികമായിരിക്കും.

സഭാ സമാധാനം ഓരോ വിഭാഗങ്ങളിലേയും ശിഥിലീകരണത്തിനൊരു തടയും യോജിപ്പിനൊരു മാതൃകയും വെല്ലുവിളിയുമാകേണ്ടതാണ്. പരസ്പരപോരിൽ ഓരോ വിഭാഗത്തിന്റെയും വീര്യം കൂട്ടുവാനുള്ള ശ്രമത്തിൽ സഭയുടെ തലയായ ക്രിസ്തുവിനോടുള്ളതിലുമധികമായി മറ്റു വിധേയത്വങ്ങളെ വളർത്തിയെടുത്തോ എന്ന് അനുതാപത്തോടെ ആത്മശോധന ചെയ്യേണ്ടതാണ്. പരമപ്രധാനമായ ദൈവസ്നേഹവും ക്രിസ്തുവിനോടുള്ള വിധേയത്വവും വീണ്ടെടുത്ത് ഐക്യം സ്ഥാപിക്കുവാൻ ഉൽസാഹിക്കുന്നതുവഴി ഓരോ ഇടവകയിലും ഭദ്രാസനത്തിലും രാഷ്ട്രീയ ചായ്‌വുകളുടെയും കുടുംബതാൽപര്യങ്ങളുടെയും ഒക്കെ രണ്ടാംതര വിധേയത്വങ്ങളുടെ പേരിൽ തല പൊക്കുന്ന വിഭാഗീയതയ്ക്ക് ഒരു ശാശ്വത പരിഹാരമാതൃക നൽകുവാൻ കഴിയും. വടക്കേയിന്ത്യയിലേക്ക് കുടിയേറിയ സഭാംഗങ്ങൾക്ക് ഭാഷയുടെയോ സ്ഥലത്തിന്റെയോ പേരിൽ വേറിട്ടൊരു സഭയാകുന്നതിനെക്കുറിച്ച് ചിന്തിക്കുന്നതുതന്നെ ഹൃദയഭേദകമല്ലേ?

കത്തോലിക്കരോടും സി. എം. എസ്. കാരോടും മാർത്തോമ്മാക്കാരോടും റീത്തുകാരോടുമൊക്കെ വേർപാടാചരിക്കുവാൻ നിർബന്ധിതമായി ശോഷിച്ച മലങ്കര സഭയ്ക്ക് ഇനി പുനരേകീകരണത്തിന്റെ പരിപോഷണമല്ലേ നൽകേണ്ടത്. ഓർത്തഡോക്സ് ചിന്തയിൽ ഐക്യത്തിന്റെ പാരമ്യമായി കരുതപ്പെടുന്ന കുർബാന ഐക്യം പുലർത്തുന്ന ഒരു സഭയിലെ ഇരുപക്ഷങ്ങൾക്ക്, ഒരേ വിശ്വാസവും ആരാധനയും അനുഷ്ഠാനങ്ങളും ഒക്കെ പുലർത്തുന്ന ഇരുവിഭാഗങ്ങൾക്ക്, പരസ്പരം രക്തബന്ധവും വിവാഹബന്ധവും സൗഹൃദബന്ധവും പുലർത്തുന്ന ആളുകളുള്ള ഇരുകക്ഷികൾക്ക് യോജിപ്പിനുള്ള മാർഗ്ഗമന്വേഷിക്കുന്നതല്ലേ ഏറെ അഭികാമ്യം?

തികഞ്ഞ അനുരഞ്ജനത്തിലൂടെയേ ആരാധന അർത്ഥവത്താകുകയുള്ളു (മത്തായി 5:23,24; മർക്കോസ് 11:25). ആരാധനയ്ക്ക് അതുല്യമായ പ്രാധാന്യം നൽകുന്ന സഭ അനുതാപത്തിലൂടെയും അനുരഞ്ജനത്തിലൂടെയും ഓരോ സഭാംഗത്തിനും മാതൃക നൽകേണ്ടതാണ്. രമ്യതയില്ലാതെ ആരാധിക്കുന്നത് തിരുബലിയെ അശുദ്ധമാക്കുന്നതാണെന്ന 'ഡിഡാക്കെ' എന്ന അപ്പോസ്തോലിക രചനയിലെ ചിന്ത (14:2) ക്രിസ്തുവിന്റെ താല്പര്യാനുസൃതമാണ്. ആരാധിക്കപ്പെടുന്ന ദൈവത്തിന്റെ സ്വഭാവം ആരാധിക്കുന്ന ജനതയുടെ ജീവിതശൈലിയാകേണ്ടതാണ്. സ്നേഹസമൂഹത്തിന്റെ ഏറ്റവും സമുന്നത മാതൃകയായ ത്രിത്വത്തെ ആരാധിക്കുന്നതിൽ ഇൻഡ്യയിലെ മറ്റേതൊരു സഭയേക്കാളും മുന്നിട്ടുനിൽക്കുന്ന മലങ്കരസഭ സമുന്നത സാഹോദര്യം പ്രകാശിപ്പിക്കുന്നതിലും ഒന്നാമതാകേണ്ടതല്ലേ. സഭയുടെ ഐക്യം സംബന്ധിച്ച പ. സിപ്രിയന്റെ (200–258 എ. ഡി.) സുപ്രസിദ്ധമായ രചനയിൽ ഇങ്ങനെ പറയുന്നു: "ദൈവഭവനമായ സഭയിൽ ഏക മനസ്സോടെ ജനങ്ങൾ വസിക്കുന്നു. ആത്മാർത്ഥതയിലും യോജിപ്പിലും അവർ അനുനിമിഷം വളർന്നു വരുന്നു. ഇക്കാരണത്താലാണ് പരിശുദ്ധാത്മാവ് ഉന്നതത്തിൽ നിന്ന് പ്രാവിന്റെ രൂപത്തിൽ എഴുന്നള്ളിയത്. പ്രാവ് നിഷ്ക്കളങ്കയും സന്തുഷ്ടയുമാണ്. അതിനാരോടും വിദ്വേഷമില്ല. ഹീനസ്വഭാവത്തോടുകൂടി വഴക്കുണ്ടാക്കുന്നില്ല. ഹിംസാത്മകമായി മാന്തിക്കീറുന്നില്ല. മനുഷ്യരാൽ പരിലാളിക്കപ്പെടാൻ അവ ഇഷ്ടപ്പെടുന്നു. ഒരു വീടിനോടു സദാ പറ്റിച്ചേർന്നിരിക്കും. അവ ഒന്നിച്ചു കുഞ്ഞുങ്ങളെ വിരിച്ചിറക്കുന്നു. ഒന്നിച്ചു പറക്കുകയും സന്തുഷ്ടരായി സഹവസിക്കുകയും ചെയ്യുന്നു. ചുണ്ടുകൾ പരസ്പരം കൂട്ടിയുരുമ്മി സ്നേഹപ്രകടനങ്ങൾ നടത്തുന്നു. എല്ലാറ്റിലും യോജിപ്പിന്റെ നിയമം പാലിക്കുന്നു. ഈ ആത്മാർത്ഥതയും യോജിപ്പുമാണ് സഭയിൽ നമുക്കാവശ്യം. നാം പ്രാവിനെപ്പോലെ സഹോദരങ്ങളെ സ്നേഹിക്കണം. ആടുകളെപ്പോലെ താഴ്മയും വിനയവും പാലിക്കണം. ചെന്നായ്ക്കളുടെ ക്രൂരത, നായ്ക്കളുടെ ഭ്രാന്ത്, സർപ്പങ്ങളുടെ മാരക വിഷം, വന്യമൃഗങ്ങളുടെ രക്തദാഹം – ക്രിസ്ത്യാനികളുടെ ഹൃദയത്തിൽ ഇവയ്ക്കെന്തു സ്ഥാനം." ദൈവസാദൃശ്യത്തിലും സ്വരൂപത്തിലും സൃഷ്ടിയ്ക്കപ്പെട്ട മനുഷ്യർ ആരാധനയിലും പരിശുദ്ധാത്മ സഹായത്തിലും ദൈവീകരിക്കപ്പെട്ട് സ്നേഹസമൂഹ നിർമ്മിതിയിൽ പ്രധാന പങ്കാളികളാകുമ്പോഴാ

*(ശേഷം 5-ാം പേജിൽ)*

# ഒരു വ്യവഹാരത്തിന്റെ ബാക്കിപത്രം

ഫാ. ഡോ. സാബു കുര്യാക്കോസ്



ഒരു നൂറ്റാണ്ടിന്റെ ചരിത്രം അവകാശപ്പെടാവുന്ന മലങ്കരസഭയിലെ ഭിന്നതയും അതുളവാക്കിയ വ്യവഹാരവും സഭയ്ക്ക് ഏല്പിച്ച മുറിവുകൾ അതിദാരുണവും ബീഭൽസവുമാണ് എന്ന് തിരിച്ചറിയുമ്പോൾ കോടതി വ്യവഹാരം ആത്യന്തികമായി നേടിത്തന്നത് എന്ത് എന്ന ചോദ്യം അവശേഷിക്കും. സഭാഗാത്രത്തിനേറ്റ മുറിവുകളിൽ ചിലത് എടുത്ത് കാട്ടാനുള്ള ഈ ശ്രമത്തിന്റെ പിന്നിൽ ആരേയും പ്രതിക്കൂട്ടിലാക്കുവാൻ ഉദ്ദേശ്യമില്ല. ആത്മവിമർശനപരമായ കുറ്റസമ്മതം ഇതുമൂലം സഭാംഗങ്ങളിൽ ഉളവായാൽ സാക്ഷ്യത്തിന്റെ പുത്തൻ നാമ്പുകൾ ഇനിയും പൊട്ടിപ്പുറപ്പെടാം എന്ന് പ്രത്യാശിക്കാം.

വ്യവഹാരത്തിലേക്ക് നയിച്ച ചരിത്രപരവും സഭാശാസ്ത്രപരവുമായ വസ്തുതകളെ വ്യക്തമാക്കികൊണ്ട് വ്യവഹാരത്തിന്റെ അനിവാര്യതയേയും സാധുതയേയും ന്യായീകരിക്കുവാൻ കഴിയുമെങ്കിലും അതിനിവിടെ മുതിരുന്നില്ല. നിഷ്പക്ഷ ബുദ്ധിയോടെ വിലയിരുത്തുന്ന ഏതൊരു വ്യക്തിക്കും കക്ഷിഭിന്നതയുടെ മൂടുപടമുള്ള വ്യവഹാരത്തിനു പിന്നിൽ മേൽപറഞ്ഞ ചരിത്രപരവും സഭാശാസ്ത്രപരവുമായ കാരണങ്ങൾക്കു പുറമേ സാമൂഹിക-സാംസ്കാരികവും, വ്യക്തിപരവുമായ കാരണങ്ങൾക്കൂടി കണ്ടെത്തുവാൻ കഴിയും. നീതിന്യായ വ്യവസ്ഥിതി നിലനിൽക്കുന്ന ഒരു സമൂഹത്തിൽ ന്യായാന്യായ പ്രശ്നങ്ങൾ കേട്ട് തീർപ്പുകല്പിക്കുന്നതിന് കോടതിയെ സമീപിക്കുന്നത് തികച്ചും യുക്തമാണ്. വ്യവഹാരത്തിന്റെ അനിവാര്യതയെ അംഗീകരിക്കുമ്പോൾ തന്നെ അതേൽപ്പിച്ച ആഘാതം കൂടെ വിലയിരുത്തപ്പെടേണ്ടതാണ്. അതുകൊണ്ട് കോടതി വ്യവഹാരത്തിന്റെ അനിവാര്യതയേയും സാധുതയെയും തല്ക്കാലത്തേക്ക് മാറ്റിവച്ചുകൊണ്ട് അതേൽപിച്ച മുറിവുകളിൽ ചിലത് കുറിക്കുവാനാണ് ഇവിടെ ശ്രമിക്കുന്നത്.

**1. അന്തഃഛിദ്രം – അനിശ്ചിതത്വം:–** 1972 –ൽ തുടക്കമിട്ട് 1995 –ൽ ഭാരതത്തിന്റെ അത്യുന്നത നീതിപീഠമായ സുപ്രീംകോടതി വിധിയിലൂടെ ഏതാണ്ട് അന്ത്യത്തിലെത്തി നിൽക്കുന്ന (1958 -ലെ സമാധാന പ്രഖ്യാപനത്തിനു ശേഷമുള്ള) വ്യവഹാരം സഭയെ കൊണ്ടെത്തിച്ചത് അന്തഃഛിദ്രത്തിലും അനിശ്ചിതത്വത്തിലുമാണ്. വ്യക്തമായ പ്രവർത്തനശൈലിയോ, കർമ്മപദ്ധതിയോ ആവിഷ്കരിക്കുവാൻ കഴിയാതെ അന്ധകാരത്തിൽ തപ്പിത്തടയുന്ന സ്ഥിതിവിശേഷം ഏറെ വേദനിപ്പിക്കുന്നതും നൈരാശ്യമുളവാക്കുന്നതുമാണ്. പരസ്പര വിരുദ്ധങ്ങളായ സമീപനങ്ങളും ആശയ ധ്രുവീകരണങ്ങളും സഭയിൽ അങ്ങോളമിങ്ങോളം ഉയർന്നും താഴ്ന്നും കാണുന്നത് അന്തഃഛിദ്രത്തിന്റേയും അനിശ്ചിതത്വത്തിന്റെയും സൂചകങ്ങളായിട്ടാണ്. കോടതിവിധിയെ വ്യാഖ്യാനിക്കുന്നതിലും, വിശദീകരിക്കുന്നതിലും അതിന്റെയടിസ്ഥാനത്തിൽ ആവിഷ്കരിക്കുന്ന പുതുശൈലികളുമെല്ലാം വ്യക്തമാക്കുന്നത് ഈ അനിശ്ചിതത്വമാണ്. കോടതിവിധി പൊതുവായി നടപ്പാക്കി എടുക്കുന്നതിലും, ഒറ്റപ്പെട്ട ദേവാലയങ്ങളോടനുബന്ധിച്ചുള്ള വ്യവഹാരം തുടരുന്നതിലും മാത്രമല്ല – സഭയുടെ പൊതുഭരണ ക്രമത്തിലും, സംവിധാനത്തിലും ആത്മീയ ലൗകീക ശിക്ഷണത്തിലും വരെ ഈ അനിശ്ചിതത്വവും ദർശന രാഹിത്യവും പ്രകടമാണ്. വ്യവഹാരം ശമിച്ചാലും ദൂരവ്യാപകമായ ദോഷഫലങ്ങളും, നാശോന്മുഖമായ കീഴ്വഴക്കങ്ങളും ഉടലെടുക്കാവുന്ന സ്ഥിതി വിശേഷത്തിലാണ് സഭ എത്തിനിൽക്കുന്നത്.

**2. സുവിശേഷ മൂല്യങ്ങളിൽ നിന്നുള്ള അന്യവൽക്കരണം:–** ദശകങ്ങൾ നീണ്ട വ്യവഹാരയുദ്ധത്തിനിടയിൽ അറിഞ്ഞും അറിയാതെയും ബലികഴിക്കേണ്ടി വന്ന വസ്തുതകളിൽ പ്രധാനമായത് സ്വർഗ്ഗരാജ്യ മൂല്യങ്ങളാണ്. പുതിയ ആകാശവും പുതിയ ഭൂമിയും കെട്ടിപ്പടുക്കുവാൻ വിളിക്കപ്പെട്ട 'മനുഷ്യാവതാരത്തിന്റെ തുടർച്ചയും' 'മനുഷ്യരോട് കൂടെയുള്ള ദൈവത്തിന്റെ കൂടാരവുമായ' സഭ അതിന്റെ അസ്ഥിവാരം തോണ്ടുന്നവിധം സ്വർഗ്ഗരാജ്യമൂല്യങ്ങളിൽ നിന്ന് അകന്നിരിക്കുന്നു. മഹാത്മാഗാന്ധിയെപ്പോലുള്ള അസഭാംഗങ്ങളായ (Non-Church members 'അക്രൈസ്തവർ' എന്ന പദത്തോട് വിയോജിപ്പ്) വ്യക്തികളെ ഹഠാദാകർഷിച്ച ഗിരിപ്രഭാഷണം ഉയർത്തിപ്പിടിക്കുന്ന ഈ മൂല്യങ്ങൾ ദൈവരാജ്യത്തിന്റെ അടിസ്ഥാന സ്വഭാവങ്ങളാണ്. നീണ്ട വ്യവഹാര വ്യവസ്ഥിതിയിലൂടെ ദൈവരാജ്യമൂല്യങ്ങളും സുവിശേഷങ്ങളും അപ്രായോഗികങ്ങളും അപ്രസക്തങ്ങളുമാണെന്നും സമൂഹത്തിൽ നിലനിൽക്കുന്ന വ്യവസ്ഥിതികളാണ് കരണീയമെന്നും പ്രത്യക്ഷമായോ, പരോക്ഷമായോ സഭ സമർത്ഥിച്ചിരിക്കുന്നു. സുവിശേഷമൂല്യങ്ങളിൽ നിന്നുള്ള സ്വയമായ ഈ അന്യവൽക്കരണം സഭയെ പൊതുവായും, സഭാംഗങ്ങളെ പ്രത്യേകിച്ചും ജീവനറ്റ പുറംതോടുകളായോ മാംസപിണ്ഡങ്ങളായോ ന്യൂനീകരിച്ചുകൊണ്ടിരിക്കുന്നു. എണ്ണയില്ലാത്ത ദീവികകളായി ലോകാന്ധകാരത്തിന് കനം കൂട്ടുന്നതിൽ സഭ പങ്കാളിയാവുകയല്ലേ ഇവിടെ? സദ്വാർത്തയിലന്തർലീനമായ സ്നേഹവും കരുണയും ക്ഷമയും വിട്ടുവീഴ്ചാ മനോഭാവവും വിലയിടിഞ്ഞ ചരക്കുകളായി; ചരിത്രപരമെന്നും, സഭ സ്വാതന്ത്ര്യപ്രതീകമെന്നും വിശേഷിപ്പിക്കപ്പെടുന്ന പുത്തൻ ഉൽപ്പന്നങ്ങൾ 'ക്രിസ്തീയം' 'സഭാസ്നേഹം' എന്നീ മണ്ഡലങ്ങളിലെ വിലകൂടിയ ചരക്കുകളായി. അനന്തരഫലമോ, സത്യസന്ധവും നിർമ്മലവുമായ ഭക്തിജീവിതം 'ആധുനീക പരീശ' മനസ്ഥിതിക്ക് വഴിമാറിക്കൊടുത്തിരിക്കുന്നു. കൊഴുപ്പു കൂടുംതോറും നൈർമ്മല്യവും ചലനാത്മകതയും നഷ്ടമാകുന്ന ഒരുതരം പ്രതിഭാസം.

**3. വ്യവഹാര സംസ്കാരത്തിന്റെ കടന്നു കയറ്റം:** പ്രതിപത്തിയും പ്രവർത്തനശൈലിയും സമന്വയിക്കുകയും അത് പ്രതിബദ്ധതയായി വളരുകയും ചെയ്യുന്ന സാഹചര്യത്തിൽ അനുകൂലമായ സംസ്കാരം സ്വാഭാവികമായും ഉരുത്തിരിയും. വ്യവഹാരചരിത്രത്തിലൂടെ നേടിയെടുത്തത് വ്യവഹാരത്തിന്റെ ഈ പുത്തൻ സംസ്കാരമാണ്. 'കക്ഷി' അടിസ്ഥാനത്തിൽ വ്യവഹാരം നിലനിൽക്കുമ്പോൾതന്നെ കക്ഷിക്കുള്ളിൽ പുതിയ വ്യവഹാരങ്ങളുടെ പെരുമ്പറ മുഴങ്ങുന്നു. സഭയിലെ ഒട്ടുമിക്ക ഭദ്രാസനങ്ങളിലും ഭദ്രാസന മെത്രാപ്പോലീത്താക്കെതിരായോ ഇടവക വികാരിക്കെതിരായോ വ്യവഹാരങ്ങൾ ഏറിവരുന്നു. ഇടവക തലത്തിൽ തർക്കങ്ങൾ ഉണ്ടായാൽ ഉടൻ കോടതിയെ സമീപിക്കുന്ന പ്രവണത വളർന്നു കഴിഞ്ഞു. തർക്കങ്ങൾ പരിഹരിക്കുവാൻ 'അനുരഞ്ജനം' ഒരു മാർഗ്ഗമല്ലെന്ന് ഉറക്കെ പ്രഖ്യാപിച്ചു കഴിഞ്ഞിരിക്കുന്നു. മെത്രാപ്പോലീത്തായുടെ നിശ്ചയമോ, മദ്ധ്യസ്ഥതയോ ഒന്നും ഫലവത്തല്ലെന്ന വിധമുള്ള ഒരു 'വ്യവഹാരസംസ്കാരം' വളർന്നുകഴിഞ്ഞിരിക്കുന്നു. ക്രിസ്തീയമല്ലാത്ത ഈ "പുതുസംസ്കാരം" ചരിത്രപരവും ആശയപരവുമായി വളർച്ചയുടെ ഒരു ഘട്ടമല്ല പ്രത്യുത തകർന്നുകൊണ്ടിരിക്കുന്ന ഒരു സംസ്കൃതിയുടെ പ്രതീകമാണ്. ഒട്ടും ക്രിസ്തീയമല്ലാത്ത ഈ പ്രവണത സഭാഗാത്രത്തെ ജീർണ്ണിപ്പിക്കും എന്നത് തർക്കമറ്റ സംഗതിയാണ്.

**4. വിഭവശേഷിയുടെ ദുർവ്യയം:** സാമൂഹീക – സാംസ്കാരിക, സാമ്പത്തിക – വിദ്യാഭ്യാസ വിഭവശേഷിയിൽ താരതമ്യേന മുൻപിൽ നിൽക്കുന്ന മലങ്കരസഭ നീണ്ട കോടതി വ്യവഹാരങ്ങളിലൂടെ അവ ദുർവ്യയം ചെയ്യുകയായിരുന്നു. ന്യായീകരണത്തിനുള്ള വാദങ്ങൾ നിരത്തുവാൻ ഒരുപക്ഷേ സാധിച്ചാലും വിഭവശേഷിയുടെ ഈ ദുർവ്യയം കെടുകാര്യസ്ഥതയും നിരുത്തരവാദപരവുമായ കാര്യവിചാരകത്വവും ആണ് പ്രകടിപ്പിക്കുന്നത്. യജമാനൻ മടങ്ങിവരുവാൻ വൈകുന്നു എന്ന് ധരിച്ച ദാസന്റെ പ്രവർത്തനശൈലി. കോടതികളിൽ ചിലവഴിച്ച വിഭവശേഷി കേവലം രൂപായുടെ മൂല്യത്തിൽ മാത്രം വിലയിരുത്തേണ്ട ഒന്നല്ല. രൂപയുടെ മൂല്യത്തെക്കാൾ എത്രയോ വിലപിടിപ്പുള്ള സമയവും മനുഷ്യശേഷിയും പാഴായിപോയിരിക്കുന്നു. നഷ്ടപ്പെടുത്തിയ ഈ വിഭവശേഷിക്ക് പകരം നേടിയെടുത്തത് എന്ത്? കാലം ആവശ്യപ്പെടുന്ന കടപ്പാടുകൾ നിർവഹിക്കുവാൻ ഈ വിഭവശേഷിയെ പ്രയോജനപ്പെടുത്തിയിരുന്നു എങ്കിൽ കാലത്തെ മറികടക്കുന്ന സാക്ഷ്യം കൈവരിക്കാമായിരുന്നു. "ഈ പാഴ്ചിലവ് എന്തിന്? ഇത് വിറ്റ് ദരിദ്രർക്ക് കൊടുക്കാമായിരുന്നല്ലോ" എന്ന വിലാപമല്ല ഈ ചിന്തയ്ക്ക് പുറകിലുള്ളത്. ദരിദ്രനും സാധ്യമാകുന്ന സാക്ഷ്യത്തിന്റെ തോത് സഭ മറികടന്നില്ലെന്ന വേദനയാണ് ഈ ചിന്തയുടെ പുറകിൽ.

**5. അജപാലന സമീപനത്തിന്റെ തകർച്ച:–**

തൊണ്ണൂറ്റിഒൻപതിനെയും വിട്ട് കാണാതെപോയ ഒന്നിനെ തേടി പുറപ്പെട്ട ഇടയന്റെ നീതി ശാസ്ത്രം സഭയ്ക്ക് എന്നേ കൈമോശം വന്നിരിക്കുന്നു. അജപാലനസമീപനം വ്യക്തി തലങ്ങളിൽ സഭയിൽ നിന്ന് അന്യമായിട്ടില്ല എന്ന് ആശ്വസിക്കാമെങ്കിലും സഭയുടെ ഔദ്യോഗിക പ്രവർത്തനശൈലിയിൽ നിന്നും ഈ സമീപനം നഷ്ടപ്പെട്ടു എന്ന് സമ്മതിക്കേണ്ടിയിരിക്കുന്നു. കക്ഷി തർക്കങ്ങൾക്ക് ഒറ്റപ്പെട്ട ചില മദ്ധ്യസ്ഥശ്രമങ്ങൾ ഉണ്ടായിട്ടുള്ളത് ഒഴിച്ചാൽ പൊതുവായ പ്രശ്നപരിഹാരത്തിന് സ്നേഹത്തിലൂന്നിയ ഒരു അജപാലന സമീപനം സ്വീകരിച്ചിട്ടില്ല എന്ന വാസ്ത വം വേദനാജനകമാണ്. 1958 –ന്റെ തനിയാവർത്തനം എന്ന ഭീകരസത്വത്തെ ഉയർത്തിക്കാട്ടി അജപാലനശൈലിയെ പുറംകാലുകൊണ്ട് ചവിട്ടുകയും 'കോടതിയിലൂടെയുള്ള സമാധാനം' ലക്ഷ്യമിടുകയും ചെയ്യുന്ന ക്രിസ്തീയതയിൽ ക്രിസ്തുവൊഴികെ മറ്റെല്ലാമുണ്ട്. ആടുകൾക്ക് വേണ്ടി ജീവനെ കൊടുത്ത ഇടയന്റെ പ്രവർത്തന ശൈലിക്ക് 20 നൂറ്റാണ്ടിന്റെ പഴക്കം സംഭവിച്ചുവല്ലോ. ഉത്തരാധുനിക രീതിശാസ്ത്രത്തിൽ 20 നൂറ്റാണ്ട് പഴക്കമുള്ള സമീപനശൈലി പ്രസക്തമല്ലല്ലോ!

**6. പുതിയ തലമുറയുടെ പാർശ്വവത്ക്കരണം:–**

പുതുമകൾ മനുഷ്യൻ ഏറെ ഇഷ്ടപ്പെടുമെങ്കിലും പുതിയ തലമുറയെ ആകുന്നിടത്തോളം അകറ്റി നിർത്തുന്നതിൽ ആദ്ധ്യാത്മീക മണ്ഡലങ്ങൾ പൊതുവേ താല്പര്യം കാണിക്കാറുണ്ട്. മത – സഭാ വ്യത്യാസമെന്യേ ഈ പ്രവണത എല്ലാവരിലും കാണുന്നു. ആദ്ധ്യാത്മികത പ്രായത്തിന്റെയും പക്വതയുടേയും ഉല്പന്നമായി കാണുന്നവർക്ക് പുത്തൻ തലമുറയിൽനിന്ന് എന്ത് പഠിക്കാൻ!! ഒരു നൂറ്റാണ്ടിന്റെ ചരിത്രമുള്ള "മലങ്കര വ്യവഹാര"ത്തിന്റെ ഫലമായി പ്രധാനമായും രണ്ട് വിധമുള്ള പാർശ്വവൽക്കരണമാണ് യുവതലമുറയിൽ നടമാടിയത്. ആദ്യത്തേത് കക്ഷിതർക്കങ്ങൾക്ക് ശാശ്വതപരിഹാരമെന്നോണം കോടതികളെ സമീപിക്കുക വഴി യുവചേതനയ്ക്കും പ്രാതിനിത്യമുള്ള അനുരഞ്ജന സമിതികളോ, സഭാ കൈകാര്യാലയങ്ങളോ രൂപീകരിക്കാനുള്ള സാദ്ധ്യത അപ്പാടെ തള്ളിക്കളഞ്ഞു. അതുവഴി ഭാവിസഭയെ നയിക്കാനുള്ളവർക്ക് വർത്തമാനകാലം പങ്കാളിത്വമില്ലായ്മയുടെ വരണ്ടകാലമായി. വർത്തമാനത്തെയും ഭാവിയെയും വാർത്തെടുക്കാൻ ഭൂതകാലത്തിന്റെ മൂശ ആവശ്യമായി കണ്ടവർ യുവത്വത്തെ പാർശ്വവൽക്കരിക്കുകയായിരുന്നു. രണ്ടാമത്തേത്, സ്വയം സംഭവിച്ച ഒരു പാർശ്വവൽക്കരണമാണ്. വ്യവഹാരത്തിലൂന്നിയ സഭാജീവിതം കണ്ട് മനംമടുത്ത യുവതലമുറ സുവിശേഷ സന്ദേശവും ആദ്ധ്യാത്മീക ഉറവിടങ്ങളും കേവലം 'ആത്മീയ നേരമ്പോക്കുകളായി' (Spiritual entertainment) മാത്രം വിലയിരുത്തി. സമകാലീന രാഷ്ട്രീയ സംഘടനാ ശൈലികളിൽ നിന്നും വിഭിന്നമായി സഭയിൽ ഒന്നും കാണുവാൻ കഴിയാതെ പോയതിനാൽ സഭയുടെ മുഖ്യധാരയിൽ നിന്ന് അകന്നുമാറുന്നതിന് സ്വയം തീരുമാനമെടുത്തു. ചുരുക്കത്തിൽ ഈ രണ്ട് പാർശ്വവൽക്കരണവും വ്യവഹാരത്തിന്റെ തനത് സൃഷ്ടിയാണ്.

മുകളിൽ വിവരിച്ചത് കൂടാതെ വ്യവഹാരത്തിന്റെ അനന്തരഫലമായി മറ്റു പലതും ചൂണ്ടിക്കാട്ടാനുണ്ട്. നേതൃത്വനിരയിലെ തകർച്ച, അടിമുടി സംഭവിച്ച അച്ചടക്കരാഹിത്യം കോക്കസ്സുകളുടെ ധ്രുവീകരണവും കടന്നാക്രമണവും തുടങ്ങി സഭാംഗങ്ങളിൽ പൊതുവിൽ അസന്തുഷ്ടിയും അരാജകത്വവും ഉളവാക്കുന്ന പലതും വ്യവഹാരത്തിന്റെ ബാക്കിപത്രത്തിൽ ഉൾപ്പെട്ടുകിടക്കുന്നവകളാണ്. സാക്ഷ്യത്തിനുപകരം പ്രതി-സാക്ഷ്യം മാത്രമുള്ള നിന്ദാപാത്രമായി സഭ മാറിക്കൊണ്ടിരിക്കുന്നു. മതിലുകൾ ഇടിഞ്ഞും, വാതിലുകൾ തീവെന്തു നശിച്ചും കിടക്കുന്ന പരിഹാസചിത്രം കണ്ട് വേദനിക്കുന്ന നെഹമ്യാവിനെയാണ് ഇനി ആവശ്യം. 'വരുവിൻ.. ഇനിയും നാം നിന്ദാപാത്രമാകാതിരിക്കേണ്ടതിന് യേറുശലേമിന്റെ മതിലുകൾ പണിയാം' എന്നുള്ള ആഹ്വാനത്തിനായി കാത്തിരിക്കാം. സ്വർഗ്ഗത്തിലെ ദൈവം കാര്യം സാധിപ്പിക്കട്ടെ.

■

# വടക്കോട്ടു പോകുന്നവർ; എതിരെ വരുന്നവർ

(ഒന്നാം പേജിൽ നിന്നും)

നിലയ്ക്കാണ്. കഴിഞ്ഞയിടെ ഡോ. എം. ജി. എസ്. നാരായണൻ ആവർത്തിച്ചു: 'സെയ്ന്റ് തോമസ് കേരളത്തിൽ വന്നിട്ടില്ല; വന്നു എന്നുള്ളതിന് തെളിവില്ല'. കേരളത്തിലെ ഒരു ബിഷപ്പും പുരോഹിതനും വിശ്വാസിയും ഇക്കാര്യത്തിൽ പ്രതികരിക്കാൻ ധൈര്യം കാണിച്ചില്ല. സെയ്ന്റ് തോമസിനാൽ സ്ഥാപിതമായ എന്നാലേഖനം ചെയ്ത ചിഹ്നമുള്ള പല സഭകളിലും വിശ്വസിക്കുന്ന, ആത്മാവിലും ശരീരത്തിലും ദരിദ്രനായ പാവം ക്രിസ്ത്യാനിക്ക് ഈ സംശയത്തിന് ആരു മറുപടി നല്കും?

എം. ജി. എസ്സിനെപ്പോലുള്ളവർ കൃത്യവും ന്യായവുമായി ഇത്തരം വസ്തുതകൾ ഉയർത്തുമ്പോൾ കേരളത്തിലെ വിവിധ ക്രൈസ്തവസഭാനേതൃത്വങ്ങൾ ഏർപ്പെട്ടിരിക്കുന്ന തർക്കങ്ങൾ നോക്കുക – പാത്രിയർക്കീസ് വിഭാഗവും ഓർത്തഡോക്സ് വിഭാഗവും തമ്മിലുള്ള പോരാട്ടം, മരിച്ച ബിഷപ്പിനെ കസേരയിൽ ഇരുത്തി സംസ്കരിക്കണോ, അതോ കിടത്തി വേണമോ? ഒരു സഭാവിശ്വാസി (മാർത്തോമ്മാസഭ) ഞായറാഴ്ച കല്യാണം കഴിക്കുന്നതു ശരിയോ? സഭയിലെ കുഞ്ഞാടുകൾക്ക് മുൻപു മേയാൻ ഇഷ്ടംപോലെ പുൽമേടുകൾ ഉണ്ടായിരുന്നു; ഇപ്പോൾ ചുരുക്കം. കുഞ്ഞാടുകൾ മാംസഭുക്കുകളായി പൂർണ്ണമായും. ക്രിസ്ത്യാനികൾ മാംസഭക്ഷണത്തിനു സ്ഥാനം കൊടുത്തിരുന്നു എന്നതു ശരി. പക്ഷേ തന്റെ വീട്ടിനു മുന്നിൽ ഓർക്കിഡിനും ആന്തൂറിയത്തിനും നല്കുന്ന ഗൗരവം പാവലിനും പയറിനും നല്കാൻ ക്രിസ്ത്യാനി തയ്യാറല്ല. ക്രിസ്ത്യൻ കർഷകഭവനങ്ങളിൽ, ഗ്രാമങ്ങളിൽ, സസ്യഭക്ഷണത്തിനായിരുന്നു പ്രാമുഖ്യം. ക്രിസ്തുമസ്സും ഈസ്റ്ററും വിശേഷപ്പെട്ട അതിഥിയും വരുമ്പോൾ മാത്രം വളർത്തുകോഴി കൊല്ലപ്പെട്ടിരുന്നു. വല്ലപ്പോഴും ഇടവകക്കാരും കരക്കാരും ഒന്നിച്ച് ഒരു പിരിവെടുത്ത് ഒരു കാളയെ വാങ്ങി അറുത്തുതിന്നിരുന്നു. ഇന്ന് വളർത്തുകോഴികൾ ആ സ്ഥാനം കവർന്നു. ആരും നിർബന്ധിക്കാതെ മലയാളി നൂറുശതമാനം സാക്ഷരത നേടിയത് ചിക്കൻ കോർണർ സ്ഥാപിച്ചുകൊണ്ടും എസ്. റ്റി. ഡി. ബൂത്തു തുറന്നുകൊണ്ടുമാണ്. കേരളത്തിലെ ഒരു സാധാരണ ഗ്രാമത്തിൽ നാല് എസ്. റ്റി. ഡി. ബൂത്തുകളും രണ്ടു ചിക്കൻ കോർണറുമുണ്ടാകുമെന്ന് കണക്കുകൾ പറയുന്നു. ബിഷപ്പിന്റെയും വൈദികന്റെയും തീൻമേശകളിൽ സസ്യഭക്ഷണത്തിന് സംവരണം ഏർപ്പെടുത്തേണ്ടിവരും.

**ഇവൻ അനാഥൻ**

സാധാരണ ക്രിസ്ത്യാനിയാണ് യഥാർത്ഥ അനാഥൻ.

ഒരു കാലത്ത് വിലയുണ്ടായിരുന്ന റബ്ബറിന്റെ പേരിലും പെൺകുട്ടികൾ കടൽ കടന്നുപോയി കൊണ്ടുവന്ന കാശിന്റെ പേരിലും വിദേശിയായ ഒരു ദൈവത്തെ വിളിക്കുന്നതിന്റെ പേരിലും ദേശസ്നേഹം ചോദ്യം ചെയ്യപ്പെട്ട് അവൻ പ്രതിക്കൂട്ടിലാണ്.

ഇതിനൊപ്പമാണ് സഭയുടെ അവഗണന.

സഭ, 'വിശക്കുന്നവന് അപ്പം' കൊടുക്കുന്ന കാലം കഴിഞ്ഞു. പ്രൊട്ടസ്റ്റന്റ് സഭകളിൽ പുരോഹിതന്മാർക്കു വിവാഹം ചെയ്യാമെന്നിരിക്കെ അവർ ഉയർന്ന കുടുംബനാഥന്മാരും വരുമാനക്കാരുമായിത്തീരുന്നു. 'അച്ചൻപദവി' യഥാർത്ഥത്തിൽ സാമ്പത്തികഭദ്രതയുള്ള സാമൂഹിക സുരക്ഷിതത്വമുള്ള തൊഴിലാണിന്ന്. ബിഷപ്പിന്റെ വീട് അരമനയാണെങ്കിൽ അച്ചന്റേത് പാഴ്സനേജ്. നല്ല ശമ്പളം, ഇടവക അംഗങ്ങൾ തന്നെ വാടക കൊടുക്കും. പെൻഷൻ, പ്രോവിഡന്റ് ഫണ്ട്, മറ്റു നൂറുകണക്കിനു സൗജന്യങ്ങൾ, സഭാസ്ഥാപനങ്ങളിൽ ഭാര്യമാർക്കും മക്കൾക്കും അലിഖിതമായ തൊഴിൽ സംവരണം. തൊഴിൽ, കുടുംബം എന്നിങ്ങനെയുള്ള വിഷയങ്ങളിൽ കടിപിടികൂടുന്ന പുരോഹിതന്മാർക്ക് യഥാർത്ഥമായും വിശക്കുന്ന സഭാംഗത്തെ കണ്ടെത്താൻ കഴിയുന്നില്ല. ഒരു കാലത്ത് അവർ വീടുകളിലെത്തി ആത്മാവിന്റെയും ശരീരത്തിന്റെയും ക്ഷേമം അന്വേഷിച്ചിരുന്നു. ഇന്നിത് കാറോ, ബൈക്കോ ഉണ്ടെങ്കിൽ വന്നേക്കാം എന്ന അവസ്ഥയിലാണ്. സംഘർഷഭരിതനായ പൗരൻ എന്ന നിലയിൽ സാധാരണ ക്രിസ്ത്യാനി അനാഥനാണ്. സഭയും പ്രഭുക്കന്മാരായ അതിന്റെ മേധാവികളും അവന് അപ്രാപ്യരായിക്കഴിഞ്ഞു. ഒരു പൂജാരിയെക്കാളും ഖത്തീബിനെക്കാളും സാമ്പത്തികമായും പലപ്പോഴും സാമൂഹികപദവിയിലും ഉയരത്തിലാണ് പുരോഹിതൻ. സ്വന്തമായൊരു വേഷവും, ഭക്ഷണരീതിയും നിലനിർത്താൻ ക്രിസ്ത്യാനിയായ ആരും സഹായിക്കാനില്ലാത്തതുപോലെ ഭാഷയുടെ കാര്യത്തിലും ഈ അരക്ഷിതാവസ്ഥയുണ്ട്. പള്ളിയിൽ മലയാളം ഏതാണ്ട് അന്യമായി. കുർബാനക്രമം, നമസ്കാരത്തിനുള്ള ചൊല്ലൽ എന്നിവയ്ക്ക് സിറിയക്കും ലാറ്റിനും മറ്റുമാണ് പരമ്പരാഗതമായി ഉപയോഗിച്ചുവരുന്നത്. പള്ളികളിലെ ക്വയർഗ്രൂപ്പുകൾ മലയാളം പാട്ടുകളെ വികൃതവത്കരിക്കുകയും അന്യഭാഷാശബ്ദങ്ങളെ കൂട്ടിച്ചേർക്കുകയും ചെയ്ത് ഗാനഭാഷയെ വിചിത്രമാക്കിക്കഴിഞ്ഞു. വിദ്യാഭ്യാസവും ലോകപരിചയവുമുള്ള ബിഷപ്പിന്റെയും പുരോഹിതന്റെയും പ്രസംഗത്തിൽ മലയാളം ഒരു പാവം അതിഥിയായി കടന്നുവരും. മധ്യതിരുവിതാംകൂറിലെ സഭാമക്കളിൽ ഒരു വീട്ടിൽനിന്ന് ഏറ്റവും ചുരുങ്ങിയത് രണ്ടു പേർ വിദേശത്തായിരിക്കെ അനന്തര തലമുറയുടെ സംഭാഷണഭാഷ ഏതായിരിക്കാം എന്നതു നിശ്ചയമില്ലാത്ത കാര്യമാണ്. കല്യാണം, ബാപ്റ്റിസം തുടങ്ങി ബന്ധുക്കൾ കൂടിച്ചേരുന്ന സദസ്സുകളിൽ കഴിവതും മലയാളത്തിന് പ്രവേശനമില്ല. പുതിയ കുട്ടികളെ മലയാളം പറയിപ്പിക്കാൻ ശ്രമമുണ്ട്; അല്ലെങ്കിൽ 'ഗ്രാൻഡ്മായോട് അവർ എങ്ങനെ കമ്മ്യൂണിക്കേറ്റ് ചെയ്യു'മെന്ന് സംശയം.

കേരളത്തിലെ ക്രിസ്ത്യാനിയുടെ ഭാഷ ഏതാണ്?

മലയാളമോ, ഇംഗ്ലീഷോ, സുറിയാനിയോ, ലത്തീനോ?

പള്ളിയിൽ ചെല്ലുമ്പോൾ തോന്നുക, അവസാനത്തെ രണ്ടെണ്ണമാണെന്ന്.

ക്രിസ്ത്യാനിയുടേതായ ഭക്ഷണക്രമവും ചേരുവകളും രുചിയും പാചകവിധികളും ഉണ്ടായിരുന്നതായി കേട്ടിട്ടുണ്ട്.

ഇന്നതു നഷ്ടമായിട്ടുണ്ടോ?

വേഷംകൊണ്ട് ഒരു മുസ്ലീം പെൺകുട്ടിയെയോ, യുവാവിനെയോ തിരിച്ചറിയാനാകുന്നതുപോലെ ഒരുകാലത്ത് ഒരു ക്രിസ്ത്യാനി യുവാവിനെയും യുവതിയെയും തിരിച്ചറിയാമായിരുന്നു എന്ന് പഴമക്കാർ പറയുന്നു. ഇതു സത്യമോ? എങ്കിൽ ആ വേഷരീതി എന്ത്?

പാരമ്പര്യത്തിൻമേൽ പുതുതായി കൂട്ടിച്ചേർത്ത ജീവനും കാർക്കശ്യവും ഐക്യത്തിന്റെ ഉത്സാഹവും ഒരു പാടു തിരികളിൽനിന്നുള്ള പ്രകാശവുമായി ഹൈന്ദവജാഥയും ഏതോ വിചിത്രലോകത്തിൽ നിന്നെന്നപോലെ വിവിധ പരസ്യമോഡൽ വേഷങ്ങളാൽ നിറയപ്പെട്ട ക്രിസ്ത്യാനികളുടെ ജാഥയും കോഴഞ്ചേരി ടൗണിൽ ഒരേസമയം മുഖാമുഖമായി.

ഒരേ നാട്ടുകാർ. പക്ഷേ, തമ്മിൽ പരിചയമില്ല.

അതുകൊണ്ട് ആരും ചിരിച്ചില്ല. n

# മലങ്കരയിൽ പുനരേകീകരണം എന്തിന്?...

(മൂന്നാം പേജിൽ നിന്നും)

ണല്ലോ യഥാർത്ഥ മനുഷ്യരാകുന്നത്.

എല്ലാ മതങ്ങളിലും പ്രത്യേകിച്ച് പഴയനിയമത്തിൽ തന്നെ ദൈവത്തെയും അയൽക്കാരനെയും സ്നേഹിക്കുവാനുള്ള ഉപദേശങ്ങളുണ്ടായിരിക്കെ ക്രിസ്തുവിന്റെ "പുതിയോരുകല്പന"യ്ക്ക് (യോഹ 13:34) എന്തു പുതുമയാണുള്ളത്. ശത്രുവായി അനുഭവപ്പെടുന്നവരെയും 'അന്യ'രെയും സ്നേഹിക്കുവാൻ പഠിപ്പിക്കുകയും ആ സ്നേഹമാണ് ദൈവസ്വഭാവമെന്ന് ജീവിതം കൊണ്ട് വെളിപ്പെടുത്തുകയും ചെയ്തതു വഴിയാണ് ക്രിസ്തു ദൈവരാജ്യത്തിന്റെ പുതുമയുള്ള പ്രമാണം പരിചയപ്പെടുത്തിയത്. സ്വന്തക്കാരെ മാത്രം – സ്വന്തം കുടുംബം, സമുദായം, സഭ – സ്നേഹിക്കുന്ന സ്വാഭാവിക സ്നേഹം മാത്രം പ്രകൃതിയാ ശീലിച്ചിട്ടുള്ള മനുഷ്യർക്ക് ഇതൊരു ഭീഷണിയായി തോന്നാം. നിർഭയം സ്വാഭാവികസ്നേഹത്തെ മറികടന്ന് ദൈവികസ്നേഹം പ്രകാശിപ്പിക്കുവാൻ ക്രിസ്തു ഞങ്ങൾക്ക് സ്വാതന്ത്ര്യം നൽകുന്നു എന്ന് എങ്ങനെ സാക്ഷിക്കാമെന്നതാണ് 21 –ാം നൂറ്റാണ്ടിലെ മലങ്കരസഭയുടെ മുമ്പാകെയുള്ള ഏറ്റവും വലിയ വെല്ലുവിളി.

സുപ്രീം കോടതി ന്യായാധിപന്മാരുൾപ്പെടെ അനേകം പ്രഗത്ഭർ ശ്രമിച്ചിട്ടും സമാധാനം ഒരു മരീചികയായിമാറുമ്പോൾ പരിശുദ്ധാത്മപ്രവർത്തനത്തെ ത്വരിതപ്പെടുത്തുവാനായി തിരുമേനിമാരുടെ തലത്തിൽ തുടങ്ങി ഇരുവിഭാഗങ്ങളിലുമുള്ളവർ ഒരുമിച്ചുകൂടി പ്രാർത്ഥിക്കുകയും അനുതപിക്കുകയും ചെയ്യുവാനുള്ള ശ്രമം അതി ശക്തമാക്കേണ്ടതാണ്. അതേ തുടർന്നാകട്ടെ ചർച്ചകൾ. അവിടെ ഗിരിപ്രഭാഷണത്തിന്റെയും 1934 –ലെ ഭരണഘടനയുടെയും സുപ്രീംകോടതി വിധിയുടെയും അടിസ്ഥാനത്തിൽ യോജിപ്പിന്റെ പ്രഖ്യാപനം ഉണ്ടാകും. അവിടെ 'അസോസിയേഷൻ' സമാധാനത്തെ ശക്തീകരിക്കും. ഹൃദയപൂർവ്വമുള്ള ഐക്യം യാഥാർത്ഥ്യമാക്കുവാൻ മുഴുവൻ സഭാംഗങ്ങളും ശ്രദ്ധിക്കണമെങ്കിലും ഒരു പതിനഞ്ചു വർഷത്തേക്കെങ്കിലും പൂർണ്ണസമയം പ്രവർത്തിക്കുന്ന ഒരു സഭൈക്യ കാര്യാലയം ആരംഭിക്കേണ്ടത് മലങ്കരയുടെ അത്യന്താപേക്ഷിത സുവിശേഷ ദൗത്യമാകേണ്ടതാണ്.

അപ്പവീഞ്ഞുകളെ തിരുശരീരരക്തങ്ങളായി രൂപാന്തരപ്പെടുത്തുന്ന ദൈവാത്മാവും, മരണത്തെ ജയിച്ചുയിർത്തെഴുന്നേറ്റ ക്രിസ്തുവും ശൂന്യതയിൽ നിന്ന് പ്രപഞ്ചസൃഷ്ടി നടത്തിയ ദൈവിക ശക്തിയും ഒരു യാഥാർത്ഥ്യമായി കരുതാത്തവർക്കും ദേവാലയത്തിനകത്തും പുറത്തും കയ്യിലും മാലയിലും വസ്ത്രങ്ങളിലുമെല്ലാം കുരിശു പിടിപ്പിക്കുന്നത് കേവലമൊരു അലങ്കാരമായി കരുതുന്നവർക്കും മേൽപ്പറഞ്ഞ മാർഗ്ഗം ബാലിശമെന്നു തോന്നിയേക്കാം. എന്തിനൊക്കെയോ വേണ്ടി തിരക്കിട്ടോടുന്നവർക്ക് വഴിയരികിൽ പീഡിപ്പിക്കപ്പെട്ട് മുറിവേറ്റു കിടക്കുന്ന സഭയെ ശുശ്രൂഷിക്കുവാൻ സമയം ലഭിച്ചെന്നു വരികയില്ല.

ക്രിസ്തുവിന്റെ താല്പര്യപ്രകാരം സഭയുടെ ആരോഗ്യം വീണ്ടെടുക്കുവാനായി അപമാനവും അവഹേളനവും ഏൽക്കുവാനും സമയനഷ്ടം, പണനഷ്ടം, ആരോഗ്യനഷ്ടം തുടങ്ങിയവ ലാഭമായി കരുതുവാനും കുറെ വിശുദ്ധ വിഢികൾ മലങ്കരയിലിനിയും ഉണ്ടാകുമെന്നു പ്രത്യാശിക്കാം. ■

## നമ്മൾ അസൂയാലുക്കളും തമ്മിൽ തമ്മിൽ ദ്വേഷിക്കുന്നവരും

"നമ്മുടെ മക്കളെ, നിങ്ങൾ ബുദ്ധിയും സാമർത്ഥ്യവും നല്ല കാര്യങ്ങളിൽ താല്പര്യവും ഉള്ളവരാണ്. എന്നാൽ ഒരു കുറവുണ്ട് എന്നു നാം ചൂണ്ടിക്കാണിച്ചുകൊള്ളട്ടെ. ഇതേപ്പറ്റി നാം മുമ്പിനാലേ നിങ്ങൾക്ക് എഴുതിയിട്ടുള്ളതാണ്. സുറിയാനിക്കാർ അസൂയാലുക്കളും തമ്മിൽ തമ്മിൽ ദ്വേഷിക്കുന്നവരും തങ്ങളുടെ തലവന്മാരെ അനുസരിക്കാത്തവരുമാണെന്ന് ബാർ എബ്രായ പറഞ്ഞിട്ടുണ്ട്. ഈ സ്വഭാവത്തിന്റെ അംശങ്ങൾ ഇപ്പോഴും നമ്മുടെയിടയിൽനിന്നും തീർത്തുമാഞ്ഞുപോയിട്ടില്ല. അതുകൊണ്ടാണ് നമുക്ക് ശരിയായ മേൽഗതി ഉണ്ടാകാത്തത്. ഈ കുറവു തീർത്തും പരിഹരിക്കപ്പെടണം. നിങ്ങൾ നല്ല അനുസരണവും അച്ചടക്കവും പാലിക്കണമെന്ന് നിങ്ങളെ നാം ഓർമ്മിപ്പിക്കുന്നു. വ്യക്തിപരമായ ഇഷ്ടങ്ങളും താല്പര്യങ്ങളും സാധിക്കണം എന്നു വിചാരിക്കാതെ ദൈവേഷ്ടം നടക്കണം എന്നായിരിക്കണം എല്ലായ്പ്പോഴും നിങ്ങളുടെ ഉദ്ദേശ്യം. ഈ നിഷ്ഠ പാലിക്കുമെങ്കിൽ നമ്മുടെ ഇടയിൽ അങ്ങിങ്ങായി കാണപ്പെടുന്ന എല്ലാ അസുഖങ്ങളും അസ്വാസ്ഥ്യങ്ങളും ഇല്ലാതായിക്കൊള്ളും."

– പ. ഗീവർഗീസ് ദ്വിതീയൻ ബാവാ

# സഹദേന്മാർ: ഓർത്തഡോക്സ് വീക്ഷണത്തിൽ

ഫാ. ഡോ. ബി. വറുഗീസ്

**ക്രി**സ്തീയ ആരാധനയിൽ സഹദേന്മാർക്ക് ഒരു പ്രധാന സ്ഥാനമുണ്ട്. ഈസ്റ്റർ കഴിഞ്ഞാൽ ആരാധനാ വർഷത്തിൽ ആദ്യം സ്ഥാനം പിടിച്ച പെരുന്നാളുകൾ ചില സഹദേന്മാരുടെ ഓർമ്മ ദിവസങ്ങൾ ആയിരുന്നു. ജനനപ്പെരുന്നാൾ, ദനഹാ തുടങ്ങിയ പല മാറാനായപ്പെരുന്നാളുകളും ഉണ്ടായത് നാലാം നൂറ്റാണ്ടിലാണ്. എന്നാൽ അതിനു മുമ്പുതന്നെ രക്തസാക്ഷികളായ ചില വിശുദ്ധന്മാരുടെ ഓർമ്മദിവസം സഭ പെരുന്നാളായി ആഘോഷിച്ചിരുന്നു.

'സഹദാ' എന്ന സുറിയാനി വാക്കിന് 'സാക്ഷി' എന്നാണർത്ഥം. 'രക്തസാക്ഷികൾ' (martyrs) എന്ന അർത്ഥത്തിലാണ് സുറിയാനിയിൽ ഈ വാക്ക് ഉപയോഗിക്കുന്നത്. ക്രിസ്തുവിലുള്ള വിശ്വാസം ത്യജിക്കാതെ രക്തസാക്ഷികളാകുന്നത് 'സാക്ഷ്യത്തിന്റെ' പരമോന്നത പടിയായി ക്രിസ്തീയ പാരമ്പര്യത്തിൽ കണക്കാക്കിയിരുന്നു. രക്തസാക്ഷിയാകുന്നത് ക്രിസ്തുവിനെ അനുകരിക്കുന്നതിന്റെ ഉദാത്ത ഉദാഹരണമാണെന്ന് ആദിമ ക്രൈസ്തവർ ചിന്തിച്ചിരുന്നു. വചനം കൊണ്ട് ക്രിസ്തുവിനെ സാക്ഷിക്കുന്ന സുവിശേഷകരെക്കാൾ ഉപരിയായ സ്ഥാനം രക്തംകൊണ്ട് സാക്ഷിക്കുന്ന സഹദേന്മാർക്ക് സഭ നല്കിയിരുന്നു. ക്രിസ്തീയ സഭയിലെ ഒന്നാമത്തെ രക്തസാക്ഷിയായ സ്തേഫാനോസിനെ 'സഹദേന്മാരിൽ മുമ്പനും, പരിശുദ്ധനും, മഹത്വമുള്ളവനും' എന്നാണല്ലോ നാലാം തുബ്ദേനിൽ വിശേഷിപ്പിച്ചിരിക്കുന്നത്.

അപ്പോസ്തല പ്രവർത്തികളിൽ സ്തേഫാനോസിന്റെ മരണത്തെപ്പറ്റി വളരെ വിശദമായി പ്രതിപാദിയ്ക്കുന്നുണ്ട്. അദ്ദേഹത്തിന്റെ കബറടക്കത്തെപ്പറ്റി ഒറ്റ വാചകത്തിൽ എഴുതിയിരിക്കുന്നു: "ഭക്തിയുള്ള പുരുഷന്മാർ സ്തേഫാനോസിനെ അടക്കം ചെയ്തു. അവനെക്കുറിച്ച് വലിയൊരു വിലാപം കഴിച്ചു" (അ. പ്ര. 8:2). കബറടക്കവും തുടർന്നുള്ള വിലാപവും യഹൂദന്മാരുടെ സാധാരണ ചടങ്ങുകളായിരുന്നു. ഇതല്ലാതെ അപ്പോസ്തലന്മാരുടെ കാലത്ത് മറ്റെന്തെങ്കിലും ചടങ്ങുകൾ ഉണ്ടായിരുന്നെന്നു തോന്നുന്നില്ല.

എന്നാൽ വെളിപാടു പുസ്തകത്തിൽ സഹദേന്മാരുടെ അവസ്ഥയെപ്പറ്റി ശ്രദ്ധേയമായ ഒരു പരാമർശനമുണ്ട്. 'ദൈവവചനം നിമിത്തവും തങ്ങൾ പറഞ്ഞ സാക്ഷ്യം ഹേതുവായും അറുക്കപ്പെട്ടവരുടെ ആത്മാക്കളെ യോഹന്നാൻ യാഗപീഠത്തിന്റെ കീഴിൽ കണ്ടു' (വെളി. 6:9 – 11). അവർ ദൈവത്തോടു പ്രാർത്ഥിക്കുന്നതായും, അവർക്ക് 'വെള്ള നിലയങ്കി' ലഭിച്ചതായും ദൈവം അവരോട് സംസാരിക്കുന്നതായും യോഹന്നാൻ ദർശിച്ചു. ദൈവമുമ്പാകെ നിൽക്കാനുള്ള യോഗ്യതയാണ് വെള്ള നിലയങ്കി (വെളി. 7:9). 'കുഞ്ഞാടിന്റെ രക്തത്തിൽ തങ്ങളുടെ അങ്കി അലക്കിവെളുപ്പിച്ച' രക്തസാക്ഷികൾ രാപ്പകൽ ദൈവത്തെ ആരാധിക്കുന്നതായും യോഹന്നാൻ കണ്ടു (വെളി. 7:14–15). രക്തസാക്ഷികളുടെ അവസ്ഥയെപ്പറ്റിയുള്ള ആദിമസഭയുടെ വിശ്വാസത്തിന്റെ രത്നചുരുക്കമാണ് ഈ വേദഭാഗങ്ങൾ. രക്തസാക്ഷ്യം പാപങ്ങളെ പൂർണ്ണമായി നീക്കുന്നു (വെളി. 7:14). രക്തസാക്ഷികൾ ദൈവസന്നിധിയിൽ, ദൈവ മുഖം കണ്ട് ആരാധിക്കുന്നു. അവർ സജീവരാണ്. 'യാഗപീഠത്തിന്റെ കീഴിൽ' എന്നു പറഞ്ഞാൽ ദൈവത്തിന്റെ സാമീപ്യം എല്ലാവരെക്കാൾ അധികമായി രക്തസാക്ഷികൾക്കു ലഭിക്കുന്നു എന്നാണർത്ഥം.

മാമോദീസാ സ്വീകരിക്കുവാൻ ഒരുങ്ങുന്ന ഘട്ടത്തിൽ രക്തസാക്ഷിയായി മരിച്ചാൽ അത് രക്തത്തിലുള്ള സ്നാനമായി പരിഗണിച്ച് വിശ്വാസികളുടെ സെമിത്തേരിയിൽ ഭൗതികദേഹം അടക്കം ചെയ്യണമെന്ന് ആദിമസഭ അനുശാസിച്ചിരുന്നു.


വിശുദ്ധന്മാരുടെയും സഹദേന്മാരുടെയും കബറിടം പുണ്യസ്ഥലമായി ആദിമസഭ കണക്കാക്കിയിരുന്നു. അവരുടെ കബറിടങ്ങളിൽ അൾത്താരയുണ്ടാക്കി ദേവാലയം പണിയുന്ന രീതി ആദിമസഭയിൽ സാധാരണയായിരുന്നു. വെളിപാടിൽ "യാഗപീഠത്തിന്റെ കീഴിലെ ആത്മാക്കൾ" എന്ന പരാമർശനം ഒരുപക്ഷേ ഇത്തരം ആരാധനാ സ്ഥലത്തെപ്പറ്റി ഉള്ളതായിരിക്കാം.

വിശുദ്ധന്മാരുടെയും സഹദേന്മാരുടെയും കബറിടങ്ങളിൽ ദേവാലയം പണിയുന്ന പാരമ്പര്യത്തിൽ നിന്നാണ് ദേവാലയങ്ങൾ അപ്പൊസ്തലന്മാരുടെയോ, വിശുദ്ധന്മാരുടെയോ പേരുകളിൽ സ്ഥാപിക്കുന്ന പതിവുണ്ടായത്. ബൈസന്റയിൻ, കത്തോലിക്കാ സഭകളിൽ ബലിപീഠത്തിൽ തിരുശേഷിപ്പുകൾ നിക്ഷേപിക്കാറുണ്ട്. ബൈസന്റയിൻ പാരമ്പര്യത്തിൽ തബലൈത്താ മൂടുന്ന വിരിക്കൂട്ടത്തിൽ തിരുശേഷിപ്പിന്റെ അംശം വെക്കുന്ന പതിവ് ഇന്നുമുണ്ട്. എന്നാൽ സുറിയാനി സഭയിൽ ബലിപീഠത്തെ കർത്താവിന്റെ കബറിന്റെ പ്രതീകമായി കാണുന്നതിനാൽ, അതിനുള്ളിൽ തിരുശേഷിപ്പുകൾ നിക്ഷേപിക്കാറില്ല.

### തിരുശേഷിപ്പുകൾ ആദിമസഭയിൽ

ആദിമസഭയിൽ തിരുശേഷിപ്പുകൾക്ക് നൽകിയിരുന്ന ആദരവിനെപ്പറ്റി വ്യക്തമായി പരാമർശിക്കുന്ന ഒരു രേഖയാണ് 'മാർത്തോമ്മാശ്ലീഹായുടെ പ്രവൃത്തികൾ.' സുറിയാനിയിലുള്ള ഈ രേഖയനുസരിച്ച് മസ്ദായ് രാജാവാണ് തോമ്മാശ്ലീഹായെ കൊല്ലുവാൻ ആജ്ഞ പുറപ്പെടുവിച്ചത്. കുറേക്കാലത്തിനു ശേഷം മസ്ദായ് രാജാവിന്റെ പുത്രന്മാരിൽ ഒരാൾക്ക് ഭൂത ബാധയുണ്ടായി. ചികിത്സകൾ ഫലിക്കാതെ വന്നപ്പോൾ രാജാവ് സ്വയം പറഞ്ഞു: "ഞാൻ പോയി തോമ്മാശ്ലീഹായുടെ കബർ തുറന്ന് ഒരു അസ്ഥിയെടുത്ത് എന്റെ മകന്റെ കഴുത്തിൽ ധരിപ്പിക്കും. അങ്ങനെ അവൻ സൗഖ്യം പ്രാപിക്കും." അന്നു രാത്രിയിൽ തോമ്മാശ്ലീഹാ രാജാവിന് ഒരു സ്വപ്നത്തിൽ പ്രത്യക്ഷനായി പറഞ്ഞു: "ജീവിച്ചിരുന്ന ഒരാളിൽ നിങ്ങൾ വിശ്വസിച്ചില്ല. ഇപ്പോൾ മരിച്ചുപോയ ഒരാളിൽ വിശ്വസിക്കുന്നുണ്ടോ? എന്റെ നാഥനായ മ്ശിഹാ തന്റെ ദയയാൽ നിങ്ങളോടു കരുണ ചെയ്യും." എന്നാൽ രാജാവ് കബർ തുറന്നു നോക്കിയപ്പോൾ അസ്ഥികളൊന്നും കണ്ടില്ല. കാരണം തിരുശേഷിപ്പുകൾ 'പടിഞ്ഞാറൻ നാട്ടിലേക്ക്' രഹസ്യമായി പോയിക്കഴിഞ്ഞിരുന്നു. അതിനാൽ കബറിൽ നിന്നും കുറെ പൊടിയെടുത്ത് ഒരു ചെറിയ പെട്ടിയിലാക്കി രാജകുമാരന്റെ കഴുത്തിൽ അണിയിച്ചുവെന്നും, അയാൾ സുഖം പ്രാപിച്ചുവെന്നും 'മാർത്തോമ്മാശ്ലീഹായുടെ പ്രവർത്തികളിൽ' പറയുന്നു.

മൂന്നാം നൂറ്റാണ്ടിൽ അജ്ഞാതനായ ഒരാൾ എഴുതിയതാണ് ഈ ഗ്രന്ഥം. ആദിമസഭയിൽ വിശുദ്ധന്മാരുടെ കബറിടങ്ങൾ സൗഖ്യദായക സ്ഥലങ്ങളായി കണക്കാക്കി ആദരിച്ചിരുന്നു എന്നതിന്റെ സൂചനയാണിത്.



എ. ഡി. 150 -നോടടുത്ത് രക്തസാക്ഷിയായി മരിച്ച സഭാപിതാവാണ് പോളിക്കർപ്പോസ്. ഏഷ്യാമൈനറിലെ സ്മുർണയിലെ ബിഷപ്പായിരുന്നു അദ്ദേഹം. അഗ്നികുണ്ഠത്തിൽ ഇട്ടുകൊല്ലുവാൻ സാധിക്കാതെ വന്നപ്പോൾ കുത്തിയാണ് അദ്ദേഹത്തെ വധിച്ചത്. അദ്ദേഹത്തിന്റെ ഭൗതിക ശരീരം വിശ്വാസികൾക്ക് ലഭിക്കാതെയിരിക്കുവാൻ, അധികാരികൾ അത് ദഹിപ്പിച്ചു. പോളിക്കർപ്പോസിന്റെ ജീവചരിത്രകാരൻ എഴുതുന്നു: 'അനന്തരം രത്നാഭരണങ്ങളെക്കാളും, സ്വർണ്ണത്തെക്കാളും വിലയേറിയ അദ്ദേഹത്തിന്റെ അസ്ഥികൾ ഞങ്ങൾ ശേഖരിച്ച് അതിന് അനുയോജ്യമായ സ്ഥലത്ത് നിക്ഷേപിച്ചു. ഞങ്ങൾ ഇടയ്ക്കിടെ അവിടെ സമ്മേളിക്കുകയും, അദ്ദേഹത്തിന്റെ രക്തസാക്ഷിത്വത്തിന്റെ വാർഷികം ആഘോഷിക്കുകയും ചെയ്യുന്നു. തിരുശേഷിപ്പുകൾ അടക്കിയ സ്ഥലം ഏതെന്ന് ജീവചരിത്രകാരൻ വ്യക്തമാക്കാത്തത്, സഭയെ പീഡിപ്പിക്കുന്നവർ അത് കണ്ടുപിടിക്കാതെയിരിക്കുന്നതിനാണ്. പോളിക്കർപ്പോസിന്റെ കബറിടം ഒരു ആരാധനാ സ്ഥലമായിത്തീർന്നുവെന്ന് ഇതിൽ നിന്നും വ്യക്തമാണ്.

സിപ്രിയൻ ( എ. ഡി. 250) ഒരു ലേഖനത്തിൽ (ലേഖനം 37) വൈദികരോടും, ശെമ്മാശ്ശന്മാരോടും "സഹദേന്മാരുടെ രക്തസാക്ഷിദിനം എഴുതി സൂക്ഷിക്കണമെന്നും, അത് ആചരിക്കണമെന്നും" നിർദ്ദേശിക്കുന്നു. മറ്റൊരു ലേഖനത്തിൽ ( ലേഖനം 34) "ഞങ്ങൾ വർഷം തോറും അവരുടെ പീഡാനുഭവത്തിന്റെയും മരണത്തിന്റെയും വാർഷികം കുർബ്ബാന അർപ്പണത്തോടെ ആഘോഷിക്കുന്നു എന്നും സിപ്രിയൻ എഴുതുന്നു.

സഹദേന്മാരുടെ പെരുന്നാളുകൾ, സഭാ കലണ്ടറിൽ സ്ഥാനം പിടിച്ചു കഴിഞ്ഞാണ് ദൈവമാതാവിന്റെയും, മറ്റ് വിശുദ്ധന്മാരുടെയും പെരുന്നാളുകൾ സഭയിൽ ആചരിച്ചു തുടങ്ങിയത്.

ക്രിസ്തുവിനോടുള്ള സ്നേഹത്തിന്റെയും ത്യാഗത്തിന്റെയും ഏറ്റം മഹത്തായ മാതൃകയായിട്ടാണ് എക്കാലവും രക്തസാക്ഷിത്വത്തെ സഭ കണക്കാക്കുന്നത്. രക്തസാക്ഷിയാകുന്ന ആളിന്റെ പാപങ്ങൾ പൂർണ്ണമായി മോചിക്കപ്പെടുന്നുവെന്നും പ്രത്യേക വിശുദ്ധി അവർക്കു ലഭ്യമാകുന്നുവെന്നും സഭ വിശ്വസിക്കുന്നു. വെളിപാടു പുസ്തകത്തിൽ ഇതെപ്പറ്റി വ്യക്തമായ സൂചന ഉണ്ടെന്ന് നാം കണ്ടു. ഈ അടിസ്ഥാനത്തിലാണ് അവരുടെ പെരുന്നാൾ ആചരിക്കുന്നതും അവരുടെ മദ്ധ്യസ്ഥത യാചിക്കുന്നതും.

സഹദേന്മാരോട് നാം പ്രാർത്ഥിക്കുകയല്ല, അവരോട് നമുക്കു വേണ്ടി ദൈവത്തോട് പ്രാർത്ഥിക്കുവാൻ വിനയപുരസരം അപേക്ഷിക്കുകയാണ്. യാഗപീഠത്തിന്റെ കീഴിൽ ദൈവത്തോട് പ്രാർത്ഥിക്കുന്ന സഹദേന്മാരുടെ സമൂഹം (വെളി. 6:9–11), അവരുടെ സഭയിലെ അംഗങ്ങളായ ജീവനുള്ളവർക്കുവേണ്ടി പ്രാർത്ഥിക്കുകയില്ലെന്ന് ചിന്തിക്കുന്നത് വെളിപാട് പുസ്തകം നൽകുന്ന ചിത്രത്തിന് എതിരാണ്. ■





ഊർശ്ലേം യാത്രാ വിവരണം

മാർ ഗ്രീഗോറിയോസ് ഗീവർഗീസ്
(പരുമല തിരുമേനി)

1895 ലെ ഒന്നാം പതിപ്പിന്റെ പുനഃപ്രസിദ്ധീകരണം

പഠനം
ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ

കുറിപ്പുകൾ
എം. കുര്യൻ തോമസ്

പ്രസാധകർ: സോഫിയാ ബുക്സ്,
സൂര്യാ ഗസ്റ്റ് ലെയ്ൻ, കോട്ടയം – 686 001

വില: 30 രൂപ


### 1908 ലെ മലങ്കര ഇടവക പഞ്ചാംഗം

മലങ്കരയുള്ള നമ്മുടെ ഇടവകയെ സംബന്ധിക്കുന്ന സർവസംഗതികളെയും സുറിയാനി, മലയാളം, ഇംഗ്ലീഷു എന്നീ തീയതികളെയും വ്യവസ്ഥപ്പെടുത്തിക്കാണിക്കുന്ന മലങ്കര ഇടവക പഞ്ചാംഗം രണ്ടാം പ്രാവശ്യമാണല്ലോ പ്രസിദ്ധപ്പെടുത്തിയതു. കഴിഞ്ഞ വർഷത്തെ അപേക്ഷിച്ചു ഈ വർഷത്തിൽ പല ഭേദഗതികളും കൂടുതലായി വരുത്തിയിട്ടുണ്ടു. മലങ്കരയുള്ള നമ്മുടെ സഭയുടെ ആകെത്തുക എന്താകുന്നു എന്നു അറിയാതിരുന്ന പലർക്കും ഇതു വളരെ പ്രകാശത്തെ കൊടുത്തിട്ടുണ്ടെന്നു പറയാതെ തരമില്ല. വെറും തീയതികളെ അറിവാനായി അന്യ പഞ്ചാംഗങ്ങളെ വാങ്ങുന്ന നമ്മുടെ ആളുകൾക്കു നമ്മുടെ സഭയുടെ ഒരു വിവരണം കൂടി ഉള്ള ഈ പഞ്ചാംഗം എത്ര നന്നായിരിക്കും. ഇതിൽ വലിയ മെത്രാച്ചന്റെ ഒരു പടവും കൂടി ഉണ്ടു. ഇതിന്റെ വില രണ്ടു ചക്രം മാത്രം. സംഗതികളുടെ വിവിധത്വം കൊണ്ടും വിലയുടെ ചുരുക്കം കൊണ്ടും അച്ചടിച്ച പ്രതികൾ മുഴുവനും തന്നെ തീരാറായിരിക്കുന്നു. ആവശ്യക്കാർക്കു പിന്നീടു ഖേദത്തിനിട വരാതെ ഇരിപ്പാൻ വേണ്ടി ഉടനെ ആവശ്യപ്പെടേണ്ടതാകുന്നു.

**(സുറിയാനി സുവിശേഷകൻ, 1907, ധനു, പേജ് 80)**

# അർമേനിയൻ സഭ

ക്രൈസ്തവസഭയുടെ ചരിത്രത്തിലെ സുപ്രധാനമായ വഴിത്തിരിവിനെയാണ് അർമേനിയാ രാജ്യവും അർമേനിയൻ സഭയും സൂചിപ്പിക്കുന്നത്. ലോകചരിത്രത്തിൽ അറിയപ്പെടുന്ന ആദ്യത്തെ ക്രൈസ്തവ രാജ്യമാണ് അർമേനിയാ. എ.ഡി. 301-ൽ ക്രൈസ്തവ സഭ അർമേനിയായുടെ ഔദ്യോഗിക മതമായിത്തീർന്നു. എ.ഡി. 313-ൽ ക്രൈസ്തവസഭയെ റോമാസാമ്രാജ്യത്തിലെ ഔദ്യോഗിക മതമായി പ്രഖ്യാപിക്കുന്നതിനും 12 വർഷം മുമ്പാണിതെന്നുള്ള വസ്തുത ശ്രദ്ധേയമാണ്.

പഴയ സോവിയറ്റ് യൂണിയനിൽ ട്രാൻസ്-കൊക്കേഷ്യൻ പ്രദേശത്തെ (കരിങ്കടലിനും കാസ്പിയൻ കടലിനും ഇടയ്ക്കുള്ള ഭൂപ്രദേശത്തിന്റെ തെക്കുഭാഗം) ഒരു റിപ്പബ്ലിക്കായിരുന്നു ആധുനിക അർമേനിയാ. 1991 സെപ്റ്റംബർ 21-ന് ഇതൊരു സ്വതന്ത്രരാജ്യമായി. യെരവാൻ ആണ് തലസ്ഥാനം. വിസ്തീർണ്ണം 29800 ചതുരശ്രകിലോമീറ്റർ. 40 ലക്ഷത്തിലധികം വരുന്ന ജനങ്ങളിൽ ബഹുഭൂരിപക്ഷവും ഓറിയന്റൽ ഓർത്തഡോക്സ് സഭാകുടുംബത്തിൽപെടുന്ന അർമേനിയൻ അപ്പോസ്തോലിക് ഓർത്തഡോക്സ് സഭയിലെ അംഗങ്ങളാണ്. അർമേനിയൻ ഗ്രിഗോറിയൻ സഭയെന്നും ഇത് അറിയപ്പെടുന്നു. ലോകമെങ്ങും ആകെയുള്ള 70 ലക്ഷം അർമേനിയൻ സഭാംഗങ്ങളിൽ പകുതിയിലേറെപ്പേരും അർമേനിയായിൽ തന്നെ വസിക്കുന്നു. ജോർജിയാ, അസർബൈജാൻ, ടർക്കി, ഇറാൻ എന്നിവയാണ് അയൽരാജ്യങ്ങൾ. ടർക്കിയുടെ വടക്കുകിഴക്കുഭാഗവും ഇറാന്റെ വടക്കു പടിഞ്ഞാറു ഭാഗവും പുരാതന അർമേനിയായുടെ ഭാഗമായിരുന്നു. മുസ്ലിം ഭൂരിപക്ഷ രാജ്യങ്ങളായ ടർക്കിയിലും ഇറാനിലും അസർബൈജാനിലും ഇന്നും അർമേനിയൻ സഭയാണ് ഏറ്റവും വലിയ ക്രൈസ്തവ സഭാവിഭാഗം. നോഹയുടെ പുത്രനായ യാഫേത്തിന്റെ പിൻഗാമികളാണ് തങ്ങളെന്ന് അർമേനിയാക്കാർ അവകാശപ്പെടുന്നു. നോഹയുടെ പെട്ടകം ഉറച്ച അറാറാത്ത് പർവ്വതം (Mt.Ararat) പുരാതന അർമേനിയായുടെ ഭാഗമായിരുന്നു. ഇപ്പോൾ അർമേനിയാ-ടർക്കി അതിർത്തിയിൽ ഇറാന്റെ ഭാഗത്താണ് ഈ പർവ്വതം. അസർബൈജാനിലെ നഗോർണോ-കരാബാക്ക് അർമേനിയൻ ഭൂരിപക്ഷ പ്രദേശമാണ്. മറ്റ് അയൽരാജ്യങ്ങളിലും ഭാരതം ഉൾപ്പെടെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലും അർമേനിയാക്കാരുണ്ട്.

ക്രിസ്തുമതത്തിന്റെ ആരംഭകാലത്തു തന്നെ അർമേനിയായിൽ സുവിശേഷമെത്തി. അർമേനിയൻ പാരമ്പര്യമനുസരിച്ച് അവരുടേത് ഒരു അപ്പോസ്തോലിക സഭയാണ്. വി. തദ്ദായി (AD 43-66), വി.ബർത്തലോമിയോ (AD 60-68) എന്നീ അപ്പോസ്തോലന്മാർ അർമേനിയായിൽ സുവിശേഷമറിയിച്ചുവെന്ന് വിശ്വസിക്കപ്പെടുന്നു. ഉത്ഥാനം ചെയ്ത മശിഹാ തന്നെ ഒരിക്കൽ അവരുടെ ഇടയിൽ പ്രത്യക്ഷനായി എന്നൊരു വിശ്വാസവും അർമേനിയാക്കാർക്കുണ്ട്. അപ്പോസ്തോലന്മാരുടെ സുവിശേഷ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട വിശുദ്ധ സ്ഥലങ്ങൾ ഇന്നും തെക്കു കിഴക്കൻ അർമേനിയായിലുണ്ട്. മാകു (ഇന്ന് ഇറാന്റെ വടക്കു പടിഞ്ഞാറു ഭാഗം), അൽബാക്ക് (അർമേനിയായുടെ തെക്കു കിഴക്ക് ഭാഗം) എന്നീ സ്ഥലങ്ങളിലുള്ള പുരാതന ദൈവാലയങ്ങളിൽ അപ്പോസ്തോലന്മാരുടേതെന്ന് വിശ്വസിക്കപ്പെടുന്ന കബറിടങ്ങളുണ്ട്. ആദ്യത്തെ മൂന്ന് നൂറ്റാണ്ട് കാലത്ത് അർമേനിയൻ ക്രൈസ്തവർ പല പീഡനങ്ങളും സഹിക്കേണ്ടിവന്നു. എ.ഡി. 110, 240, 287 എന്നീ വർഷങ്ങളിൽ ക്രൈസ്തവർ ശക്തമായ പീഡനങ്ങൾക്ക് വിധേയമായി.

വിശുദ്ധ ഗ്രീഗോറിയോസ് പാർതെവ് ലൂസാവൊറിച്ച് (St. Gregory the Illuminator AD 239-325) എ.ഡി. 301-ൽ അർമേനിയായിലെ തിരിദാത്തസ് മൂന്നാമൻ രാജാവിനെയും ജനങ്ങളെയും ക്രിസ്ത്യാനികളാക്കിയതോടെ ക്രൈസ്തവ സഭ ഔദ്യോഗിക മതവും അർമേനിയാ ആദ്യത്തെ ക്രൈസ്തവ രാജ്യവുമായിത്തീർന്നു. അതുകൊണ്ട് വി. ഗ്രിഗോറിയോസ് 'അർമേനിയായുടെ കാവൽ പരിശുദ്ധ'നായി അറിയപ്പെടുന്നു. ഉടനെ തന്നെ അദ്ദേഹം മെത്രാനാകുകയും അന്നത്തെ തലസ്ഥാനമായ വഗർഷപ്പാത്ത് എന്ന സ്ഥലത്ത് എ.ഡി. 302-ൽ ഒരു കത്തീഡ്രൽ സ്ഥാപിക്കുകയും ചെയ്തു. എച്ച്മിയാഡ്സിൻ (Saint Etchmiadzin) എന്നാണ് ഈ സ്ഥലത്തിന്റെ ഇപ്പോഴത്തെ പേര്. "ഏക ജാതൻ താഴേക്കിറങ്ങിവന്നു" എന്നാണ് ഈ സ്ഥലപ്പേരിന്റെ അർത്ഥം. യെരവാനുവളരെ അടുത്തുള്ള ഈ സ്ഥലം എ.ഡി. 485 വരെയും പിന്നീട് എ.ഡി. 1441 മുതൽ ഇന്നുവരെയും സഭയുടെ ആസ്ഥാനമാണ്. എ.ഡി. 315-ൽ ജോർജിയായിലും കൊക്കേഷ്യൻ അൽബേനിയായിലും (ഇന്നത്തെ

വർഗീസ് ജോൺ, തോട്ടപ്പുഴ


അസർബൈജാൻ) അർമേനിയൻ സഭ സുവിശേഷ പ്രവർത്തനം ആരംഭിച്ചു.

അർമേനിയൻ സഭയുടെ മെത്രാൻ സ്ഥാനം ആദ്യം വി. ഗ്രിഗറിയുടെ കുടുംബത്തിൽ തന്നെ നിലനിന്നു. എ.ഡി. 352-ൽ മെത്രാനായ നർസായി (നാർസെസ്) 363-ൽ 'കാതോലിക്കോസ്' എന്ന സ്ഥാനപ്പേരു സ്വീകരിച്ചു. (അഞ്ചാം നൂറ്റാണ്ടിലാണ് അർമേനിയൻ സഭാദ്ധ്യക്ഷൻ ഈ സ്ഥാനപ്പേരു സ്വീകരിച്ചതെന്നും അഭിപ്രായമുണ്ട്). സഭയുടെ പുരോഗതിക്കായി പല നടപടികളും സ്വീകരിച്ച ഇദ്ദേഹം എ.ഡി. 373-ൽ വധിക്കപ്പെട്ടു. ഇതേ തുടർന്ന് കുറച്ചു കാലം പേർഷ്യൻ രാജാക്കന്മാർ അർമേനിയൻ സഭയെ പീഡിപ്പിച്ചു. എ.ഡി. 387-ൽ ബൈസന്റയിൻ-പേർഷ്യൻ സാമ്രാജ്യങ്ങളിലായി അർമേനിയാ വിഭജിക്കപ്പെട്ടു.

മഹാനായ ഇസഹാക്ക് കാതോലിക്കായുടെ കാലത്ത് (387-439) എ.ഡി. 406-നോടടുത്ത് വി. മെസ്രോബ് (St. Mesrob Meshtotz) അർമേനിയൻ ഭാഷയ്ക്ക് സ്വന്തമായ ഒരു അക്ഷരമാലയുണ്ടാക്കി. ബൈബിളും സഭാപിതാക്കന്മാരുടെ കൃതികളും അർമേനിയൻ ഭാഷയിലേക്കു തർജമ ചെയ്യുന്നതിനും അർമേനിയൻ ആരാധനാ ക്രമത്തിനും സാഹിത്യത്തിനും തുടക്കം കുറിക്കുന്നതിനും ഇത് ഇടയാക്കി. എ.ഡി. 485-ൽ കാതോലിക്കേറ്റിന്റെ ആസ്ഥാനം പുതിയ തലസ്ഥാനമായ ഡ്വിൻ എന്ന സ്ഥലത്തേക്കു മാറ്റി; 927 വരെ അവിടെ തുടർന്നു.

നിഖ്യാ സുന്നഹദോസിൽ (എ.ഡി. 325) അർമേനിയൻ സഭയുടെ രണ്ട് പ്രതിനിധികൾ സംബന്ധിച്ചിരുന്നു. തുടർന്നുള്ള രണ്ട് പൊതു സുന്നഹദോസുകളിൽ (എ.ഡി. 381, 431) സംബന്ധിച്ചില്ലെങ്കിലും അതിന്റെ തീരുമാനങ്ങളെ അംഗീകരിച്ചിരുന്നു. കൽക്കദോൻ സുന്നഹദോസിലും (എ.ഡി. 451) അർമേനിയൻ സഭയുടെ പ്രതിനിധികൾ സംബന്ധിച്ചിരുന്നില്ല. എ.ഡി. 506-ലെ ഡ്വിൻ സുന്നഹദോസ് കൽക്കദോൻ സുന്നഹദോസ് നിശ്ചയങ്ങളെ തള്ളിക്കളഞ്ഞു. അർമേനിയൻ കാതോലിക്കാ പാപ്കെൻ (490 – 516) അദ്ധ്യക്ഷത വഹിച്ച ഈ സുന്നഹദോസിൽ ജോർജിയൻ കാതോലിക്കാ ഗബ്രിയേലും (502 – 510) അൽബേനിയൻ സഭയുടെ മെത്രാന്മാരും സംബന്ധിച്ചിരുന്നു. ജോർജിയൻ കാതോലിക്കാ കിറിയോൻ ഒന്നാമന്റെ (595 – 610) കാലത്ത് 607-ൽ ജോർജ്ജിയൻ സഭ കൽക്കദോൻ സുന്നഹദോസ് അംഗീകരിച്ചു. ഇതോടെ അർമേനിയൻ- ജോർജ്ജിയൻ സഭകൾ തമ്മിൽ വേർ പിരിഞ്ഞു. ജോർജ്ജിയൻ സഭ ഇന്ന് ബൈസന്റയിൻ ഓർത്തഡോക്സ് സഭാ കുടുംബത്തിൽ പെടുന്നു.

അർമേനിയൻ സഭയുടെ ചരിത്രവുമായി അഭേദ്യമായി ബന്ധപ്പെട്ടതാണ് അൽബേനിയൻ സഭയുടെ ചരിത്രവും. കാസ്പിയൻ കടലിന്റെ പടിഞ്ഞാറെ തീരത്ത് ഇന്നത്തെ അസർബൈജാന്റെ വടക്കു കിഴക്കു ഭാഗവും ദാഗസ്ഥാന്റെ തെക്കുഭാഗവും ചേർന്ന രാജ്യമായിരുന്നു കൊക്കേഷ്യൻ അൽബേനിയാ അഥവാ കാസ്പിയൻ അൽബേനിയാ. (ബാൾക്കൻ പ്രദേശത്ത് ഗ്രീസിന് സമീപത്തായി അൽബേനിയ എന്ന പേരിൽ മറ്റൊരു രാജ്യമുണ്ട്). എ. ഡി. ഒന്നാം ശതകത്തിൽ തന്നെ അപ്പോസ്തോലനായ വി. ബർത്തലോമിയോയും ശിഷ്യന്മാരും അൽബേനിയായിൽ സുവിശേഷമറിയിച്ചുവെന്നു വിശ്വസിക്കപ്പെടുന്നു. വി. ഗ്രിഗോറിയോസ് ലൂസാവൊറിച്ച് എ.ഡി. 315 നോടടുത്ത് അൽബേനിയായിൽ സുവിശേഷ പ്രവർത്തനങ്ങൾ നടത്തി. എ. ഡി. 457-ൽ ക്രൈസ്തവ സഭ അൽബേനിയായിലെ ഔദ്യോഗിക മതമായി. എ.ഡി. 552-ൽ അൽബേനിയൻ സഭാതലവനായ അബ്ബാസ് മെത്രാൻ (551-595) 'കാതോലിക്കോസ്' (Catholicos of Aghvan, Artsakh and Utik) എന്ന സ്ഥാനപ്പേര് സ്വീകരിച്ചു. അർമേനിയൻ കാതോലിക്കാ നർസെസ് II (548-557) ആണ് ഇദ്ദേഹത്തെ വാഴിക്കുകയും അൽബേനിയൻ കാതോലിക്കേറ്റിന് കാനോനിക അധികാരങ്ങൾ നൽകുകയും ചെയ്തത്. എട്ടാം ശതകത്തിന്റെ ആരംഭകാലത്തെ അറബി ആക്രമണത്തോടെ സഭ ക്ഷയിച്ചു തുടങ്ങി. അനേകരെ നിർബന്ധിച്ച് ഇസ്ലാം മതത്തിൽ ചേർത്തു. ഇതേ തുടർന്ന് അൽബേനിയൻ സഭ, അർമേനിയൻ സഭയിലെ സ്വയം ഭരണാവകാശമുള്ള ഒരു വിഭാഗമായിത്തീർന്നുവെന്നു പറയാം. 19-ാം ശതകത്തിന്റെ ആരംഭത്തോടെ അൽബേനിയൻ കാതോലിക്കേറ്റിന്റെ പ്രാധാന്യം കുറഞ്ഞു തുടങ്ങി. കാതോലിക്കാ സ്ഥാനം 1815 ൽ അർമേനിയൻ സഭയിലെ മെത്രാപ്പോലീത്താ പദവിയിലേക്കും 1828 ൽ മെത്രാൻ പദവിയിലേക്കും തരം



താഴ്ത്തപ്പെട്ടു. റഷ്യൻ ഗവൺമെന്റ് 1836-ൽ അൽബേനിയൻ സഭയും കാതോലിക്കേറ്റും നിർത്തലാക്കുകയും പൂർണമായും അർമേനിയൻ സഭയുടെ ഭാഗമാക്കുകയും ചെയ്തു.

അർമേനിയൻ സഭ, സുറിയാനി സഭയുമായി നൂറ്റാണ്ടുകളായി വി. കുർബ്ബാനസംസർഗമുള്ള സഭയാണ്. വി. യാക്കോബ് ബുർദാനയുടെ കാലത്ത് പൗരസ്ത്യ മെത്രാപ്പോലീത്തായായിരുന്ന അഹൂദെമ്മെയ്ക്ക് (559-575) എപ്പിസ്ക്കോപ്പാ സ്ഥാനം നൽകിയത് അർമേനിയൻ കാതോലിക്കാ ക്രിസ്റ്റഫർ I (539-545) ആയിരുന്നത്രെ. എ.ഡി. 726-ൽ കൂടിയ സുന്നഹദോസ് അർമേനിയൻ-സുറിയാനി സഭകൾ തമ്മിലുള്ള ബന്ധം ഉറപ്പിച്ചു. ആന്റിലിയാസിലെ സാറെ I പയാസാലിയാൻ കാതോലിക്കായുടെ സ്ഥാനാരോഹണ ശുശ്രൂഷയിൽ (1956 ജൂലൈ 22) ബെയ്റൂട്ടിലെ യാക്കോബ് മാർ സേവേറിയോസ് മെത്രാപ്പോലീത്താ (പിന്നീട് പ. യാക്കോബ് III പാത്രിയർക്കീസ്) രണ്ട് അർമേനിയൻ ബിഷപ്പുമാരോടൊപ്പം സഹകാർമ്മികത്വം വഹിച്ചു.

വിശുദ്ധ നാടുകളിൽ ക്രൈസ്തവ സഭയുടെ ആരംഭകാലത്തുതന്നെ അർമേനിയൻ സാന്നിദ്ധ്യമുണ്ടായിരുന്നു. മൂന്നാം നൂറ്റാണ്ടിൽ ജറുസലേമിൽ അർമേനിയൻ മെത്രാനുണ്ടായിരുന്നതായി തെളിവുണ്ട്. നാലാം നൂറ്റാണ്ടു മുതൽ ജറുസലേമിൽ അർമേനിയാക്കാർ തീർത്ഥാടകരായി വരികയും പലരും അവിടെ വാസമുറപ്പിക്കുകയും ചെയ്തു. അഞ്ചാം നൂറ്റാണ്ടിൽ ഇവരുടെ മെത്രാന് "പാത്രിയർക്കീസ്" എന്ന പദവി നൽകി. ജറുസലേമിലെ ബൈസന്റയിൻ (ഗ്രീക്ക്) പാത്രിയർക്കേറ്റ് കൽക്കദോൻ സുന്നഹദോസ് അംഗീകരിച്ചതിനെ തുടർന്നാണത്രെ ജറുസലേമിലെ അർമേനിയൻ പാത്രിയർക്കേറ്റ് സ്ഥാപിതമായത്. അബ്രഹാം (638-669) ആണ് ജറുസലേമിലെ അറിയപ്പെടുന്ന ആദ്യത്തെ അർമേനിയൻ പാത്രിയർക്കീസ്. ഖലീഫാ ഒമാർ ഇബ്ൻ ഇൽ ഖത്താബ് ഇദ്ദേഹത്തിന് ഔദ്യോഗിക അംഗീകാരം നൽകി. ജറുസലേമിലെ സർഗീസ് പാത്രിയർക്കീസിന്റെ കാലത്ത് (1281 -1313) അർമേനിയൻ കാതോലിക്കേറ്റിൽ നിന്ന് സ്വതന്ത്രമായി പ്രവർത്തിക്കുന്നതിന് ഈജിപ്റ്റ് സുൽത്താൻ എ.ഡി. 1311-ൽ ജറുസലേം പാത്രിയർക്കേറ്റിന് അനുവാദം നൽകി.

റോമൻ (ബൈസന്റയിൻ)-പേർഷ്യൻ സാമ്രാജ്യങ്ങൾ തമ്മിലുള്ള ശത്രുത അർമേനിയായെ കാര്യമായി ബാധിച്ചു. എ.ഡി. 640-885 കാലത്ത് അർമേനിയാ അറബികളുടെ ഭരണത്തിലായി. ബാഗ്രറ്റൈഡ് രാജവംശത്തിന്റെ കാലത്ത് (എ.ഡി. 885-1045) അർമേനിയാ സ്വാതന്ത്ര്യം വീണ്ടെടുത്തു. എ.ഡി. 915-ൽ വാൻ തടാകത്തിലെ (ഇന്ന് ടർക്കിയിൽ) അഘ്തമാർ ദ്വീപിൽ പ്രസിദ്ധമായ ഒരു കത്തീഡ്രൽ സ്ഥാപിച്ചു. 927-ൽ കാതോലിക്കേറ്റിന്റെ ആസ്ഥാനം അങ്ങോട്ടു മാറ്റി. 947-ൽ അർകീന ആസ്ഥാനമായി. പുതിയ തലസ്ഥാനമായ അനി 992-ൽ സഭയുടെ ആസ്ഥാനമായിത്തീർന്നു. സെൽജക്ക് ആക്രമണത്തെ തുടർന്ന് 1045-ൽ ബാഗ്രറ്റൈഡ് രാജഭരണം അവസാനിച്ചു. 1064-ൽ തലസ്ഥാനമായ അനി ആക്രമിക്കപ്പെട്ടു. ഇതോടെ ഭൂരിഭാഗം അർമേനിയാക്കാരും സിലീഷ്യായിലേക്ക് (ഇപ്പോൾ ടർക്കിയുടെ ദക്ഷിണ മദ്ധ്യ പ്രദേശം) പലായനം ചെയ്തു. നേരത്തേ തന്നെ ഇവിടെ അനേകം അർമേനിയാക്കാർ വാസമുറപ്പിച്ചിരുന്നു.

കാതോലിക്കേറ്റിന്റെ ആസ്ഥാനവും 1060-ൽ സിലിഷ്യാ (കിലിക്യാ) യിലേക്കു മാറ്റി. അവിടെ പല പട്ടണങ്ങളിലും മാറിമാറി ആസ്ഥാനമുറപ്പിച്ചു. റൂബെൻ രാജകുമാരൻ 1080-ൽ സിലീഷ്യയെ ഒരു സ്വതന്ത്ര രാജ്യമായി പ്രഖ്യാപിച്ചു. ഒരു പുതിയ അർമേനിയാ രാജ്യം (ചെറിയ അർമേനിയാ) തന്നെ 1198-ൽ ഇവിടെ സ്ഥാപിച്ചു. കാതോലിക്കേറ്റിന്റെ ആസ്ഥാനം 150 വർഷമായി നിലനിന്നിരുന്ന ഹ്റോംക്ലായിൽ നിന്ന് 1293-ൽ സിലിഷ്യയുടെ തലസ്ഥാനമായ സിസ് (Sis) എന്ന സ്ഥലത്ത് സ്ഥാപിച്ചു. മാമെലൂക്കുകൾ 1375-ൽ ചെറിയ അർമേനിയാ (Lesser Armenia) രാജ്യം നശിപ്പിച്ചെങ്കിലും 1441 വരെയും സിസ് സഭാകേന്ദ്രമായി തുടർന്നു.

ഇതിനിടെ 1113-ൽ അഘ്തമാറിലെ ആർച്ച് ബിഷപ്പ് ദാവീദ് തൊർണികിയാൻ അർമേനിയൻ സഭയുടെ തലവനെന്ന് സ്വയം പ്രഖ്യാപിക്കുകയും 1114-ൽ കാതോലിക്കായാകുകയും ചെയ്തതോടെ അഘ്തമാറിൽ പുതിയ

*(ശേഷം 8-ാം പേജിൽ)*

# അർമേനിയൻ സഭ

*(ഏഴാം പേജിൽ നിന്നും)*

യൊരു കാതോലിക്കേറ്റ് രൂപമെടുത്തു; 1895 വരെ (1915 വരെയും ?) ഇതു നിലനിന്നു. കച്ചഡോർ ആയിരുന്നു അവസാനത്തെ കാതോലിക്കാ. ഒന്നാം ലോകമഹായുദ്ധത്തിനു (1914) മുമ്പ് ഒരു ലക്ഷത്തോളം വിശ്വാസികളും ഇരുനൂറിൽ പരം പള്ളികളും ഈ കാതോലിക്കേറ്റിൽ ഉണ്ടായിരുന്നു. ഇതു കൂടാതെയും ഹ്രസ്വകാലത്തേക്ക് സഭയിൽ എതിർ കാതോലിക്കാമാരുണ്ടായിട്ടുണ്ട്.

15–ാം നൂറ്റാണ്ടിന്റെ ആരംഭകാലത്ത് സിലീഷ്യായിലെ സ്ഥിതി മോശമായിരുന്നപ്പോൾ മേജർ അർമേനിയാ പൊതുവെ ശാന്തമായിരുന്നു. വഗർഷപ്പാത്ത് (എച്ച്മിയാഡ്സിൻ) വീണ്ടും സഭയുടെ ആസ്ഥാനമാക്കുന്നതിന് 1441–ൽ അവിടെ കൂടിയ സുന്നഹദോസ് തീരുമാനിക്കുകയും കുറിയാക്കോസ് (സിറിയക്ക്) എന്ന സന്യാസിയെ കാതോലിക്കായാക്കുകയും ചെയ്തു. സിസിലെ ഗ്രിഗറി IX കാതോലിക്കാ (1439–46) ഈ നീക്കങ്ങളെ എതിർത്തില്ലെങ്കിലും സിസിലെ കാതോലിക്കേറ്റ് നിലനിർത്താൻതന്നെ തീരുമാനിച്ചു. ഈ കാതോലിക്കേറ്റ് ഇന്നും നിലനില്ക്കുന്നു. ഇരു കാതോലിക്കേറ്റുകളും സ്വതന്ത്രമായിരുന്നെങ്കിലും അർമേനിയായിലെ കാതോലിക്കേറ്റിന്റെ പ്രഥമസ്ഥാനം സിലീഷ്യായിലെ കാതോലിക്കേറ്റ് അംഗീകരിച്ചിരുന്നു. പൊതുവെ സഹകരണ മനോഭാവത്തോടെ പ്രവർത്തിച്ചു വന്ന ഈ കാതോലിക്കേറ്റുകൾ തമ്മിൽ എന്തെങ്കിലും തർക്കമുണ്ടായാൽ ചർച്ചകളിലൂടെ പരിഹരിച്ചിരുന്നു. ഫിലിപ്പ്, നാർസെസ് എന്നീ കാതോലിക്കാമാരുടെ കാലത്ത് ഇരു കാതോലിക്കേറ്റുകളിലെയും മേല്പട്ടക്കാർ 1652–ൽ ജറുസലേമിൽ കൂടി പരസ്പരധാരണ വളർത്തുന്നതിന് ആവശ്യമായ തീരുമാനങ്ങളെടുത്തു. 20–ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ തുർക്കികൾ സിസ് നശിപ്പിച്ചതോടെ സിലിഷ്യൻ കാതോലിക്കേറ്റ് 1929 മാർച്ച് നാലിന് ലബാനോൻ തലസ്ഥാനമായ ബെയ്റൂട്ടിനടുത്തുള്ള ആന്റിലിയാസ് (Antelias) ആസ്ഥാനമാക്കി.

സുൽത്താൻ മുഹമ്മദ് രണ്ടാമൻ 1461–ൽ യൊവാക്കിം എന്ന അർമേനിയൻ മെത്രാനെ പാത്രിയർക്കീസായി അംഗീകരിച്ചതോടെ കോൺസ്റ്റാന്റീനോപ്പിളിലെ (ഇസ്റ്റാംബൂൾ) അർമേനിയൻ പാത്രിയർക്കേറ്റ് സ്ഥാപിതമായി. അങ്ങനെ 15–ാം നൂറ്റാണ്ടായപ്പോഴേക്കും അർമേനിയൻസഭ അഞ്ചു സഭാദ്ധ്യക്ഷന്മാരുടെ (അൽബേനിയൻ കാതോലിക്കാ കൂടാതെ മൂന്ന് കാതോലിക്കാമാരും രണ്ട് പാത്രിയർക്കീസുമാരും) കീഴിലായി. അഘ്തമാറിലെയും സിലീഷ്യായിലെയും കാതോലിക്കേറ്റുകൾ തുർക്കി രാജ്യാർത്തിക്കുള്ളിലായതു മുതൽ ഒന്നാം ലോകമഹായുദ്ധം (1914) വരെയുള്ള കാലത്ത് ഭരണകാര്യങ്ങളിൽ കോൺസ്റ്റാന്റീനോപ്പിളിലെ അർമേനിയൻ പാത്രിയർക്കേറ്റിന് വിധേയമായിരുന്നു.

സിലിഷ്യൻ പ്രവാസകാലത്തും (1160–1441) തുടർന്നും ബൈസന്റയിൻ സഭയുമായും റോമാസഭയുമായും അർമേനിയൻ സഭ പല ഐക്യ ചർച്ചകളും നടത്തിയിരുന്നു. പക്ഷേ കാര്യമായ ഫലമുണ്ടായില്ല. തുടർന്നുള്ള നൂറ്റാണ്ടുകളിൽ കുറെ അർമേനിയാക്കാർ റോമാസഭയിൽ ചേർന്നു. ഇവർക്കായി സിലീഷ്യായിലെ അർമേനിയൻ കത്തോലിക്കാ പാത്രിയർക്കേറ്റ് 1742–ൽ സ്ഥാപിച്ചു. 19–ാം നൂറ്റാണ്ടിൽ കുറെപ്പേർ പ്രൊട്ടസ്റ്റന്റ് സഭകളിൽ ചേർന്നു.

ഭാരതത്തിലും ഇറ്റലിയിലും മറ്റ് യൂറോപ്യൻ രാജ്യങ്ങളിലും 15,16 നൂറ്റാണ്ടുകളിൽ അർമേനിയാക്കാർ കുടിയേറി. 18–ാം നൂറ്റാണ്ടിന്റെ അവസാനം റഷ്യ, അർമേനിയൻ പ്രദേശം ആക്രമിച്ചു കീഴടക്കി. 1829–ൽ അർമേനിയാ രാജ്യം റഷ്യ, പേർഷ്യ, ടർക്കി എന്നീ രാജ്യങ്ങളിലായി വിഭജിക്കപ്പെട്ടു. 1918–ൽ റഷ്യയിലെ അർമേനിയാ സ്വതന്ത്രമായി. 1921–ൽ സോവിയറ്റ് യൂണിയന്റെ ഒരു റിപ്പബ്ലിക്കായി.

ടർക്കിയിലെ അർമേനിയാക്കാർ പല പ്രാവശ്യം കൂട്ടക്കൊലയ്ക്ക് ഇരയായി. 1894–95–ൽ മൂന്നു ലക്ഷം പേരും 1909–ൽ മുപ്പതിനായിരം പേരും വധിക്കപ്പെട്ടു. 15 ലക്ഷം അർമേനിയാക്കാരാണ് 1915–ൽ ഓട്ടോമൻ തുർക്കികളുടെ കൂട്ടക്കൊലയ്ക്കിരയായത്. അർമേനിയക്കാർക്ക് നിർമ്മൂലനാശം വരുത്തുകയായിരുന്ന ഈ കൂട്ടക്കൊലകളുടെ ലക്ഷ്യം. ഇതോടെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ അർമേനിയാക്കാർ കുടിയേറി.

സോവിയറ്റ് അർമേനിയായിൽ സഭ വലിയ പ്രശ്നങ്ങളില്ലാതെ കടന്നുപോയി. ഇക്കാലത്ത് അർമേനിയായ്ക്കു പുറത്തും സഭയ്ക്ക് വളർച്ചയുണ്ടായി. അർമേനിയായിൽ 1988 ലുണ്ടായ ഭൂകമ്പം വലിയ നാശനഷ്ടമുണ്ടാക്കി. സോവിയറ്റ് യൂണിയൻ തകർന്ന് 1991–ൽ അർമേനിയാ സ്വതന്ത്രമായതോടെ ഈ പുരാതന സഭ അതിന്റ ജന്മസ്ഥലത്ത് ഒരു നവോത്ഥാനത്തിന്റെ പാതയിലാണ്. പുതിയ ഭദ്രാസനങ്ങൾ, ഇടവകകൾ, സംഘടനകൾ, പ്രസിദ്ധീകരണങ്ങൾ എന്നിവയ്ക്കു തുടക്കം കുറിച്ചു. സ്കൂളുകളിൽ മത വിദ്യാഭ്യാസം നടപ്പാക്കി. എച്മിയാഡ്സിൻ, ബിഫ്കയാ (ലെബനോൻ), ജറുസലേം, ന്യൂയോർക്ക് എന്നീ സ്ഥലങ്ങളിലായി സഭയ്ക്ക് നാല് വൈദിക സെമിനാരികളുണ്ട്. വൈദികരുടെ കുറവും മറ്റ് മത വിഭാഗങ്ങളുടെ സ്വതന്ത്രമായ പ്രവർത്തനവുമാണ് ഇന്ന് സഭ നേരിടുന്ന പ്രശ്നങ്ങൾ.

ഭരണപരമായി സ്വതന്ത്രമാണെങ്കിലും ഇരു കാതോലിക്കേറ്റുകളും പൂർണ്ണസംസർഗത്തിലാണ്. ഇരു പാത്രിയർക്കേറ്റുകളും ആത്മീയകാര്യങ്ങളിൽ എച്ച്മിയാഡ്സിനിലെ കാതോലിക്കേറ്റിനെ ആശ്രയിക്കുന്നു. ചുരുക്കത്തിൽ മറ്റു മൂന്നു സഭാ കേന്ദ്രങ്ങളും എച്ച്മിയാഡ്സിനിലെ മാതൃസിംഹാസനവുമായി (Mother See of Holy Etchmiadzin) സംസർഗത്തിലാണ്. ഇവിടത്തെ സുപ്രിം കാതോലിക്കോസ് 70 ലക്ഷത്തോളം വരുന്ന മുഴുവൻ അർമേനിയൻ ഓർത്തഡോക്സ്കാരുടെയും ആത്മീയ തലവനായി അംഗീകരിക്കപ്പെടുന്നു. അർമേനിയായിലും പഴയ സോവിയറ്റ് റിപ്പബ്ളിക്കുകളിലും ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുമുള്ള 60 ലക്ഷത്തിലധികം അർമേനിയാക്കാർ എച്ച്മിയാഡ്സിൻ കാതോലിക്കേറ്റിന്റെ നേരിട്ടുള്ള ഭരണത്തിൻകീഴിൽ വരും. കരേക്കിൻ II നർസിസിയാൻ ആണ് ഇപ്പോഴത്തെ സുപ്രിം കാതോലിക്കാ. അദ്ദേഹം 1999 ഒക്ടോബർ 27–ന് അർമേനിയായുടെ 132–ാമത്തെ കാതോലിക്കായായി തെരഞ്ഞെടുക്കപ്പെട്ടു; നവംബർ നാലിന് സ്ഥാനാരോഹണം ചെയ്തു. Supreme Patriarch Catholicos of all Armenians എന്നാണ് അദ്ദേഹത്തിന്റെ സ്ഥാനപ്പേര്. മുൻഗാമി കരേക്കിൻ I സർക്കീസിയാൻ (1995–99) നേരത്തെ സിലീഷ്യായിലെ കാതോലിക്കായായിരുന്നു.

ആന്റിലിയാസ് ആസ്ഥാനമായുള്ള സിലീഷ്യൻ കാതോലിക്കേറ്റിൽ ലബാനോൻ, സിറിയാ സൈപ്രസ്, ഗ്രീസ്, ഇറാൻ തുടങ്ങിയ രാജ്യങ്ങളിലായി എട്ട് ലക്ഷത്തോളം അംഗങ്ങളുണ്ട്. ഇവിടത്തെ കാതോലിക്കായായിരുന്ന (1983–95) കരേക്കിൻ II സർക്കീസിയാൻ 1995 ഏപ്രിൽ ഒമ്പതിന് കരേക്കിൻ I എന്നപേരിൽ എച്ച്മിയാഡ്സിനിലെ സുപ്രിം കാതോലിക്കായായി. മുമ്പ് പാത്രിയർക്കീസുമാർ സുപ്രിം കാതോലിക്കാമാരായിട്ടുണ്ടെങ്കിലും സിലീഷ്യായിലെ കാതോലിക്കാ സുപ്രിം കാതോലിക്കായാകുന്നത് ആദ്യസംഭവമാണ്. അദ്ദേഹത്തെ തുടർന്ന് ആരാം I കെഷീഷിയാൻ 1995 ജൂലൈ ഒന്നിന് സിലീഷ്യായിലെ 45–ാമത്തെ കാതോലിക്കായായി. Catholicos of the Great House of Cilicia എന്ന സ്ഥാനപ്പേരുള്ള ഇദ്ദേഹം ഇപ്പോൾ WCC സെൻട്രൽ കമ്മറ്റിയുടെ മോഡറേറ്ററാണ്. വടക്കേ അമേരിക്കയിലും ഗ്രീസിലും സിറിയായിലും മറ്റും ഇരു കാതോലിക്കേറ്റിലും ഉൾപ്പെട്ട സഭാംഗങ്ങളുണ്ട്. ഇരു കാതോലിക്കേറ്റിലെയും പ്രതിനിധികൾ 1997 ൽ എച്മിയാഡ്സിനിൽ കൂടി അർമേനിയൻ സഭയിൽ ഐക്യം ശക്തിപ്പെടുത്തുന്നതിന് ആവശ്യമായ നടപടികളെടുത്തു. ഇതിനുവേണ്ടി ഒരു പൊതു ഭരണഘടന ഉണ്ടാക്കുന്നതിനുള്ള ശ്രമം നടന്നുവരുന്നു.

ജറുസലേമിലെ അർമേനിയൻ പാത്രിയർക്കേറ്റിൽ ഇസ്രായേലിലും പലസ്തീനിലും ജോർദാനിലുമുള്ള പതിനായിരം സഭാംഗങ്ങളുണ്ട്. സെന്റ് ജയിംസ് മൊണാസ്ട്രിയാണ് ആസ്ഥാനം. അർമേനിയൻ സഭയുടെ വകയായുള്ള വിശുദ്ധസ്ഥലങ്ങളുടെ സംരക്ഷണം ഈ പാത്രിയർക്കേറ്റിനാണ്. 1990 മാർച്ച് 22–ന് ടോർക്കോം II മനൂഗിയാൻ ഇവിടുത്തെ 96–ാമത്തെ പാത്രിയർക്കീസായി. നമ്മുടെ കർത്താവിന്റെ സഹോദരനായ വി. യാക്കോബ് ശ്ളീഹായെ ജറുസലേമിലെ ഒന്നാമത്തെ മെത്രാനായി പരിഗണിക്കുന്നതുകൊണ്ട് Patriarch of the Apostolic Throne of St. James എന്നാണ് അദ്ദേഹത്തിന്റെ ഔദ്യോഗിക സ്ഥാനനാമം. സാധാരണയായി Armenian Patriarch of Jerusalem എന്നറിയപ്പെടുന്നു.

കോൺസ്റ്റാന്റീനോപ്പിളിലെ (ഇസ്റ്റാംബൂൾ) അർമേനിയൻ പാത്രിയർക്കേറ്റിന് ടർക്കിയിൽ അവശേഷിക്കുന്ന അർമേനിയൻ സഭാംഗങ്ങളുടെമേൽ ഭരണാധികാരമുണ്ട്. ഇസ്റ്റാംബൂളിൽ 60000 പേരും അനറ്റോളിയായിൽ 10000 പേരും ഉൾപ്പെടെ 82000 പേരാണ് ഇന്നുള്ളത്. 1998–ൽ മെസ്രോബ് II മുതഫിയാൻ ഇവിടുത്തെ 84–ാമത്തെ പാത്രിയർക്കീസായി. Armenian Patriarch of Istanbul and all Turkey എന്നാണ് അദ്ദേഹത്തിന്റെ സ്ഥാനപ്പേര്. 1914–ൽ 13.5 ലക്ഷം സഭാംഗങ്ങളും 12 അതിരൂപതകളും 27 രൂപതകളും 2900 ഇടവകകളും 1900 സ്കൂളുകളും ആറ് സന്യാസ സമൂഹങ്ങളും ഈ പാത്രിയർക്കേറ്റിൽ ഉണ്ടായിരുന്നു എന്നറിയുമ്പോൾ അർമേനിയൻ കൂട്ടക്കൊലയുടെ ഭീകരത വ്യക്തമാകും.

ബെയ്റൂട്ട് (ലെബനോൻ) ആസ്ഥാനമായുള്ള അർമേനിയൻ കത്തോലിക്കാ റീത്തിൽ രണ്ടരലക്ഷത്തോളം സഭാംഗങ്ങളുണ്ട്. സിലിഷ്യായിലെ അർമേനിയൻ കത്തോലിക്കാ പാത്രിയർക്കീസ് നർസെസ് ബെദ്രോസ് XIX ഈ വിഭാഗത്തിനു നേതൃത്വം നൽകുന്നു.

അർമേനിയൻ സഭയിൽ കാതോലിക്കായുടെ കീഴ്സ്ഥാനിയാണ് പാത്രിയർക്കീസ്. എച്ച്മിയാഡ്സിനിലെയും ആന്റിലിയാസിലെയും കാതോലിക്കാമാർക്കു മാത്രമേ മെത്രാന്മാരെ വാഴിക്കാനും മൂറോൻ കൂദാശ ചെയ്യാനും അധികാരമുള്ളൂ. ജറുസലേമിലെയും ഇസ്റ്റാംബുളിലെയും പാത്രിയർക്കീസുമാർ ഉൾഭരണ സ്വാതന്ത്ര്യമുള്ള ആർച്ച്ബിഷപ്പുമാരാണ്. കാതോലിക്കേറ്റിനൊപ്പം സ്ഥാനമില്ലെങ്കിലും പാത്രിയർക്കേറ്റുകൾ ചരിത്രപരമായി പ്രാധാന്യമുള്ള സഭാ കേന്ദ്രങ്ങളാണ്. ഈ പാത്രിയർക്കേറ്റുകളിലെ മെത്രാന്മാരെ എച്ച്മിയാഡ്സിനിലെ സുപ്രിം കാതോലിക്കായാണ് വാഴിക്കുന്നത്.

അർമേനിയൻ സഭയുടെ എല്ലാ മെത്രാന്മാരും ഭദ്രാസന അസംബ്ലികൾ തെരഞ്ഞെടുക്കുന്ന വൈദിക–അയ്മേനി പ്രതിനിധികളും ചേർന്ന നാഷണൽ എക്ലിസിയാസ്റ്റിക്കൽ അസംബ്ലിയാണ് എച്ച്മിയാഡ്സിനിലെ സുപ്രിം കാതോലിക്കോസിനെ തെരഞ്ഞെടുക്കുന്നത്. ഭദ്രാസനത്തിലെ വൈദികരും ഇടവക പ്രതിനിധികളും ചേർന്നതാണ് ഭദ്രാസന അസംബ്ലി. പന്ത്രണ്ട് മെത്രാന്മാർ ചേർന്നാണ് സുപ്രിം കാതോലിക്കോസിന്റെ സ്ഥാനാരോഹണം നിർവഹിക്കുന്നത്. മൂന്നിലൊരു ഭാഗം വൈദികരും മൂന്നിൽ രണ്ടു ഭാഗം അയ്മേനികളും അടങ്ങുന്ന ഇലക്ടോറൽ അസംബ്ലിയും മെത്രാന്മാരും ചേർന്നാണ് സിലീഷ്യൻ കാതോലിക്കോസിനെ തെരഞ്ഞെടുക്കുന്നത്. ഇതിൽ സുപ്രിം കാതോലിക്കേറ്റിന്റെ പ്രതിനിധികൾക്കും വോട്ടവകാശമുണ്ട്. (1995–ൽ ആകെ 185 പ്രതിനിധികളുണ്ടായിരുന്നു). ബിഷപ്പുമാരെ ഭരണ കാര്യങ്ങളിൽ സഹായിക്കാൻ വാർധാപെറ്റ് (Vardapet) എന്നറിയപ്പെടുന്ന സന്യാസി പട്ടക്കാർ (Archimandrite) ഉണ്ട്. ഇവരിൽ നിന്നാണ് ബിഷപ്പുമാരെ തെരഞ്ഞെടുക്കുന്നത്.

മലങ്കരസഭയുമായി വി. കുർബ്ബാനസംസർഗവും ഉറ്റബന്ധവും പുലർത്തുന്ന സഭയാണിത്. ആമീദിൽ (ടർക്കിയിലെ ഡയാർബക്കീർ) വച്ച് 1865 ഏപ്രിൽ 30–ന് പുലിക്കോട്ടിൽ തിരുമേനിയെ മേല്പട്ടക്കാരനായി വാഴിച്ചപ്പോൾ ഒരു അർമേനിയൻ മെത്രാൻ പരിശുദ്ധ ഇഗ്നാത്തിയോസ് യാക്കോബ് II പാത്രിയർക്കീസ് ബാവായോടൊപ്പം സഹകാർമ്മികത്വം വഹിച്ചിരുന്നു. റമ്പാൻ ഫാ. സി.എം. തോമസ് (പിന്നീട് തോമ്മാ മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്താ) എച്ച്മിയാഡ്സിനിലെ സുപ്രിം കാതോലിക്കായുടെ കല്പന പ്രകാരം 1938 മാർച്ച് മുതൽ ആറുമാസം ലണ്ടനിലെ സെന്റ് സർഗീസ് അർമേനിയൻ പള്ളിയുടെ വികാരിയായി പ്രവർത്തിച്ചിട്ടുണ്ട്. സുപ്രിം കാതോലിക്കാ വസ്കൻ I 1963 നവംബറിൽ മലങ്കര സഭ സന്ദർശിച്ചു. ദേവലോകം കാതോലിക്കേറ്റ് അരമന ഉദ്ഘാടനം ചെയ്തത് (1963 നവംബർ 19) ഇദ്ദേഹമാണ്. ജറുസലേമിലെ അർമേനിയൻ പാത്രിയർക്കീസ് യെഗീഷേ ഡർഡേറിയൻ ഇതോടൊപ്പവും 1972 ഡിസംബറിലും മലങ്കര സന്ദർശിച്ചു. 1976 സെപ്റ്റംബറിൽ പരിശുദ്ധ ബസേലിയോസ് മാർതോമ്മാ മാത്യൂസ് I കാതോലിക്കാ ബാവായും സംഘവും അർമേനിയാ സന്ദർശിച്ചു. അർമേനിയൻ സഭയുടെ വിശുദ്ധ മൂറോൻ കൂദാശയിൽ പരിശുദ്ധ ബാവാ സഹകാർമ്മികത്വം വഹിച്ചു. കരേക്കിൻ I സർക്കീസിയാൻ കാതോലിക്കായുടെ സ്ഥാനാരോഹണ ശുശ്രൂഷയിൽ സംബന്ധിക്കാൻ പരിശുദ്ധ ബസേലിയോസ് മാർതോമ്മാ മാത്യൂസ് II കാതോലിക്കാ ബാവാ 1995 ഏപ്രിൽ ആദ്യം അർമേനിയാ സന്ദർശിച്ചു. മലങ്കര സഭ സന്ദർശിക്കാനുള്ള തയ്യാറെടുപ്പുകൾ നടക്കുന്നതിനിടയിലാണ് 1999 ജൂൺ 29–ന് പരിശുദ്ധ കരേക്കിൻ I കാലം ചെയ്തത്.

അർമേനിയായുടെ ദേശീയ മതമായി ക്രൈസ്തവസഭ പ്രഖ്യാപിക്കപ്പെട്ടതിന്റെ 1700–ാം വാർഷിക ആഘോഷ പരിപാടികളിൽ (2001 സെപ്റ്റംബർ 21–24) പരിശുദ്ധ ബസേലിയോസ് മാർതോമ്മാ മാത്യൂസ് II കാതോലിക്കാ ബാവായുടെ നേതൃത്വത്തിലുള്ള ഒരു സംഘം സംബന്ധിച്ചു. ഇതോടൊപ്പം സ്വതന്ത്ര അർമേനിയായുടെ പത്താം വാർഷികവും ആഘോഷിച്ചു. ഈ പരിപാടിയോടനുബന്ധിച്ച് പരിശുദ്ധ ജോൺ പോൾ II മാർപാപ്പായും അർമേനിയ സന്ദർശിച്ചു (2001 സെപ്റ്റംബർ 25–27). ലെബനോനിൽ സിലീഷ്യൻ കാതോലിക്കേറ്റിന്റെ ആഭിമുഖ്യത്തിലും 1700–ാം വാർഷിക ആഘോഷ പരിപാടികൾ നടന്നു (2001 മേയ് 25–27). അർമേനിയൻ സഭയുടെ മറ്റ് കേന്ദ്രങ്ങളിലും ആഘോഷ പരിപാടികൾ നടന്നു.

അർമേനിയായും ഭാരതവും തമ്മിലുള്ള ബന്ധത്തിന് നൂറ്റാണ്ടുകളുടെ പഴക്കമുണ്ട്. ദക്ഷിണ ഇൻഡ്യയിലെ ആദ്യത്തെ അർമേനിയാക്കാരൻ ക്നായിതോമ്മായാണെന്നും അദ്ദേഹം എ.ഡി. 780–ൽ മലബാർ തീരത്ത്

*(ശേഷം 9–ാം പേജിൽ)*

# നമുക്ക് കൈമോശം വന്നത്

**പ്രീത് ചന്ദനപ്പള്ളി**

പള്ളിയും സഭയും നല്കുന്ന ആത്മീയതയിൽ വിശ്വാസികൾക്ക് ഒതുങ്ങി നിൽക്കാനാകുന്നില്ല. ആരാധനയിലെ വിശ്വാസപരമായ നവവ്യതിയാനത്തെക്കുറിച്ചുള്ള പഠിപ്പിക്കലുകളും വിവാദങ്ങളും, സിംഹാസന ചർച്ചകളും, സംവാദങ്ങളും സാധാരണ വിശ്വാസിയെ സംതൃപ്തനാക്കുന്നില്ല. അസ്വസ്ഥചിന്തകളുമായി അവൻ ഉഴലുകയാണ്. ചിലർ സമാധാനം തേടി കരിസ്മാറ്റിക്, ഉണർവ്വ് പ്രസ്ഥാനങ്ങളെ ആശ്രയിക്കുന്നു. ചിലർ ലഹരിയെയും. എവിടെയാണു നമുക്കു തെറ്റിയത്? കേരളത്തിൽ, പ്രത്യേകിച്ച് ക്രൈസ്തവരുടെ ഇടയിൽ ഉളവാകുന്ന അസ്വസ്ഥതകൾ ഇനിയും കണ്ടില്ലെന്നു നടിക്കേണ്ടതുണ്ടോ?

കൂട്ട ആത്മഹത്യകൾ, ലൈംഗിക അരാജകത്വം വരുത്തിവയ്ക്കുന്ന വികൃത സംഭവങ്ങൾ, ഒറ്റപ്പെടുന്ന വാർദ്ധക്യത്തിന്റെ ദീനരോധനങ്ങൾ തുടങ്ങിയവ ആധുനിക സമൂഹത്തിന്റെ ദ്വന്ദവ്യക്തിത്വത്തിന്റെ ചെറിയ തരത്തിലുള്ള പൊട്ടിത്തെറികളാണെന്നു സമാധാനിക്കാം. എങ്കിലും നമ്മുടെ യുവതലമുറയെ എങ്ങനെ തൃപ്തിപ്പെടുത്തും? ഈ അടുത്തയിടെ നടത്തിയ ഒരു സർവ്വേഫലം ഇങ്ങനെ സൂചിപ്പിക്കുന്നു. "മദ്ധ്യതിരുവിതാംകൂറിലെ ടീനേജേഴ്സ് 80 ശതമാനവും മദ്യപാനം ശീലമാക്കിയവരാണ്."

ഇന്ത്യയിൽ ഏറ്റവും കൂടുതൽ എൻ. ആർ. ഐ. അക്കൗണ്ടുകൾ ഉള്ള ദേശങ്ങളിൽ ഒന്നാണ് മദ്ധ്യതിരുവിതാംകൂർ. അതുകൊണ്ടുതന്നെ പാശ്ചാത്യജീവിതരീതികളെ പിൻതുടരുന്ന ഒരു ജനതതിയാണ് ഇവിടെയുള്ളത്. അമേരിക്ക, ജർമ്മനി, ഗൾഫ് രാജ്യങ്ങൾ എന്നിവിടങ്ങളിൽ വർഷങ്ങളായി ജീവിക്കുന്നവർ ഇറക്കുമതി ചെയ്യുന്ന പാശ്ചാത്യ സംസ്കാരം, പക്ഷേ കേരളത്തിന്റെ സാമൂഹ്യഘടനയ്ക്ക് അനുയോജ്യമല്ലാത്തതുകൊണ്ട് സംസ്കാരത്തിന്റെ പൊതുധാരയിൽ നിന്ന് അത് ഒറ്റപ്പെട്ടു നിൽക്കുകയും, മാരകമായ സാമൂഹ്യ വിപത്തായി വ്യാഖ്യാനിക്കപ്പെടുകയും ചെയ്യുന്നു.

നമ്മുടെ കുഞ്ഞുങ്ങളെയും യുവാക്കളെയും ഒന്നു പഠിക്കാൻ ശ്രമിക്കൂ. ക്രിക്കറ്റും, ഫാഷനും, ചാനൽ വൈരുദ്ധ്യതയും ഇഷ്ടപ്പെടുന്ന അവർക്ക് കംപ്യൂട്ടറും ഇന്റർനെറ്റും കൂടി ശീലമാണ്. എന്നാൽ സാമൂഹ്യബന്ധങ്ങളും വ്യക്തിബന്ധങ്ങളും നഷ്ടപ്പെട്ട ഒരു മനസ്സാണ് അവനിലുള്ളതെന്ന് വളരെ വൈകിയേ നമുക്ക് മനസ്സിലാകൂ.

സമൂഹത്തിനുണ്ടായിക്കൊണ്ടിരിക്കുന്ന ഈ അർബുദത്തിന്റെ കാരണമെന്ത്? അടുത്തയിടെ ക്രിസ്ത്യൻ പുരോഹിതർ നടത്തുന്ന ഒരു വിദ്യാഭ്യാസസ്ഥാപനത്തിൽ മുണ്ടുടുത്തുവന്ന വിദ്യാർത്ഥികൾക്കെതിരെ ഉണ്ടായ നടപടികളും തുടർന്നുണ്ടായ കോലാഹലവും ശ്രദ്ധിച്ചിരിക്കുമല്ലോ. വസ്ത്രധാരണ രീതിയിൽപോലും ഒരു സമൂഹത്തിന്റെ സംസ്കാരം പ്രതിനിധീഭവിക്കുന്നു. ഒറ്റവാക്കിൽ പറഞ്ഞാൽ സമൂഹത്തിന്റെ ഈ വഴിപിഴച്ചപോക്കിന്റെ കാരണം സംസ്കാരത്തിന്റെ നിരാസം തന്നെ.

അണു കുടുംബവ്യവസ്ഥിതിയും, വിജ്ഞാന വിസ്ഫോടനവും, ഉപഭോഗസംസ്കാരത്തിന്റെ കടന്നുകയറ്റവും നമ്മുടെ ജീവിതത്തിൽ വലിയ പൊട്ടിത്തെറിയാണ് ഉണ്ടാക്കിയത്. ഈ കോലാഹലത്തിനിടയിൽ നമ്മുടെ തനതു സംസ്കാരം എപ്പഴോ നമ്മുടെ കൈപ്പിടിയിൽ നിന്നു വഴുതിപ്പോയി.

ഭാരതീയ – ക്രൈസ്തവ സംസ്കാരത്തിന്റെ തകർച്ചയാണ് നമ്മുടെ തകർച്ച. പരന്ന വായനയും, സാംസ്കാരിക പ്രവർത്തനത്തിലെ കൂട്ടായ്മയും നമ്മുടെ യുവാക്കൾക്ക് അജ്ഞാതമായിരിക്കുന്നു. യുവാക്കളുടെ ചിന്തയെ ഒരു ഫ്രെയിമിനുള്ളിൽ തളച്ചിടാനുതകുന്ന ക്ലാസ്സുകളും സെമിനാറുകളുമാണ് യുവജന വിദ്യാർത്ഥി പ്രസ്ഥാനങ്ങളുടെ വാർഷിക ക്യാമ്പുകളിൽ പോലും നടക്കുന്നത്. ഈ ജീർണ്ണതയിൽ നിന്നു മോചനം ഉണ്ടായില്ലെങ്കിൽ നമ്മുടെ സമൂഹം ഭീകര ദുരന്തത്തിലേക്കു പോകും സംശയമില്ല. ■


## വിവാദ ഗ്രന്ഥത്തിന്റെ വെബ് എഡിഷൻ ഉടൻ




## നിരണം ഗ്രന്ഥവരി

(മലയാളത്തിലെ ആദ്യ ചരിത്രഗ്രന്ഥം)

18 -ാം നൂറ്റാണ്ടിലെ കേരള ചരിത്രവും വിശിഷ്യാ കേരള ക്രൈസ്തവ ചരിത്രവും പ്രതിപാദിക്കുന്ന താളിയോല ഗ്രന്ഥത്തിന്റെ പ്രഥമ അച്ചടിപ്പതിപ്പ്.

ചരിത്രത്തോടൊപ്പം, പാശ്ചാത്യ മിഷനറി സ്വാധീനമില്ലാത്ത മലയാള ഗദ്യത്തിന്റെ വികാസ പരിണാമങ്ങൾ പ്രകടമാക്കുന്ന സമാഹാരമാണ് നിരണം ഗ്രന്ഥവരി.

വിവിധ പകർപ്പുകൾ പരിശോധിച്ച് തയ്യാറാക്കിയത്.

**പഠനവും സംശോധനവും:**
**എം. കുര്യൻ തോമസ്**

*"കേരളീയ സ്വത്വം വിലപ്പെട്ടതെന്നു കരുതുന്നവരുടെ വ്യവഹാരമാണ് നിരണം ഗ്രന്ഥവരി."*

**അവതാരിക**
**ഡോ. എം. ആർ. രാഘവ വാര്യർ**

ഡെമി 1/8, 288 പേജ്

പ്രസാധകർ:
**സോഫിയാ ബുക്സ്**
തെക്കേനട, കോട്ടയം – 686 001
ഫോൺ: 91- 481 - 2303237


# അർമേനിയൻ സഭ

(എട്ടാം പേജിൽ നിന്നും)

എത്തിയെന്നും മെസ്രോബ് ജേക്കബ് സേത് Armenians in India (1937) പേജ് 612-ൽ പറയുന്നു. ഏതായാലും 15-ാം നൂറ്റാണ്ടിനുശേഷം ആഗ്രാ, ഡൽഹി, സൂറ്റ്, ബോംബെ, മദ്രാസ്, ഗ്വാളിയർ, ലക്നോ, കൽക്കട്ട തുടങ്ങിയ പട്ടണങ്ങളിൽ അർമേനിയാക്കാർ വാസമുറപ്പിച്ചിരുന്നു. മുഖ്യമായും വാണിജ്യപരമായ ആവശ്യത്തിനാണ് അവർ ഇൻഡ്യയിലെത്തിയത്. മുഗൾ ചക്രവർത്തിയായ അക്ബറിന്റെ ഭാര്യമാരിലൊരാളായ മറിയം സമാനി ബീഗം ഒരു അർമേനിയൻ ക്രിസ്ത്യാനിയായിരുന്നത്രേ. അക്ബറിന്റെ കല്പന പ്രകാരമാണ് ആഗ്രായിൽ 1562-ൽ ഇൻഡ്യയിലെ ആദ്യത്തെ അർമേനിയൻ പള്ളി സ്ഥാപിച്ചത്. തുടർന്ന് മറ്റു പല പട്ടണങ്ങളിലും അർമേനിയൻ പള്ളികൾ സ്ഥാപിക്കപ്പെട്ടു. അമ്പത് വർഷം മുമ്പ് ഇസ്ഫഹാൻ (ഇറാൻ) ഭദ്രാസനത്തിലായിരുന്നു ഇൻഡ്യയിലെ അർമേനിയൻ സഭാംഗങ്ങൾ.

ഇന്ന് ഏകദേശം 150 അർമേനിയാക്കാർ മാത്രമേ ഇൻഡ്യയിലുള്ളു. മിക്കവരും ബ്രിട്ടനിലും ആസ്ട്രേലിയായിലും കുടിയേറി. കൽക്കട്ടായിൽ രണ്ടു പള്ളികളും ഒരു കോളജും ഒരു സ്കൂളുമുണ്ട്. 1724-ൽ സ്ഥാപിതമായ കൽക്കട്ടയിലെ ഹോളി നസറേത്ത് പള്ളിയുടെ ചുമതല ഒരു അർമേനിയൻ വൈദികൻ വഹിക്കുന്നു. മദ്രാസിലും (1772) ബോംബെയിലും (1796) ഓരോ പള്ളി നാമമാത്രമായിട്ടുണ്ട്. ചില പള്ളികൾ നമ്മുടെ സഭയ്ക്ക് വിട്ടുതന്നു. പല അർമേനിയക്കാരും നമ്മുടെ പള്ളികളിൽ സംബന്ധിച്ചുവരുന്നു. സിഡ്നി (ആസ്ട്രേലിയാ) ആർച്ച് ബിഷപ്പ് ആഗാൻ ബലിയോസിയാൻ ഇൻഡ്യയിലെ അർമേനിയൻ സഭാംഗങ്ങളുടെ ആത്മീയ ചുമതല വഹിക്കുന്നു.

സുറിയാനി, ജറുസലേം അംശങ്ങൾ അർമേനിയൻ ആരാധനാക്രമത്തിലുണ്ട്. അഞ്ച് മുതൽ ഏഴ് വരെയുള്ള നൂറ്റാണ്ട് കാലത്താണ് പ്രത്യേകമായ ഒരു അർമേനിയൻ ആരാധനാക്രമം രൂപമെടുക്കുന്നത്. തുടർന്ന് ബൈസന്റയിൻ സ്വാധീനവും പിൽക്കാലത്ത് ലത്തീൻ സ്വാധീനവും ഉണ്ടായിട്ടുണ്ട്. അർമേനിയൻ സഭയുടെ ആചാരങ്ങൾക്ക് പല പ്രത്യേകതകളുണ്ട്. വി. കുർബ്ബാനയിൽ പുളിപ്പില്ലാത്ത അപ്പം (പത്തീറ) ഉപയോഗിക്കുന്ന ഏക പൗരസ്ത്യ സഭയാണിത്. (റോമാ സഭ പത്തീറായാണ് ഉപയോഗിക്കുന്നത്). വി. കുർബ്ബാനയിൽ വെള്ളം ചേർക്കാതെ വീഞ്ഞ് ഉപയോഗിക്കുന്ന ഏക ക്രൈസ്തവസഭയും ഇതാണ്.

അർമേനിയൻ സഭ എ.ഡി. 582 ൽ പുതിയ കലണ്ടർ നടപ്പിലാക്കി. 1775 ൽ കലണ്ടർ പരിഷ്കരിച്ചു. എല്ലാ വർഷവും നിശ്ചിത തീയതികളിൽ വരുന്നതായി (Fixed Feasts) ഏഴ് പെരുന്നാളുകൾ (ജനുവരി 6, 13, ഫെബ്രുവരി 14, ഏപ്രിൽ 7, സെപ്റ്റംബർ 8, നവംബർ 21, ഡിസംബർ 9) മാത്രമേ അർമേനിയൻ സഭാ കലണ്ടറിലുള്ളൂ. യേശുക്രിസ്തുവുമായും പരിശുദ്ധ കന്യകമറിയാമുമായും ബന്ധപ്പെട്ട മറ്റ് പെരുന്നാളുകൾ നിശ്ചിത തീയതിയ്ക്ക് ഏറ്റവും അടുത്ത ഞായറാഴ്ചകളിൽ ആഘോഷിക്കുന്നു. ബുധനാഴ്ചയും വെള്ളിയാഴ്ചയും നോമ്പുദിവസങ്ങളാണ്. വിശുദ്ധന്മാരുടെ പെരുന്നാളുകൾ ഈ മൂന്ന് ദിവസങ്ങൾ (ഞായർ, ബുധൻ, വെള്ളി) ഒഴിവാക്കിയാണ് ആഘോഷിക്കുന്നത്. പൗരസ്ത്യ സുറിയാനി (കൽദായ) സഭാ കലണ്ടറിലൊഴികെ മറ്റെല്ലാ സഭാ കലണ്ടറിലുകളിലും ഈസ്റ്ററും അതിനോടനുബന്ധിച്ച പെരുന്നാളുകളും (Moveable Feasts) മാത്രമേ നിശ്ചിത തീയതികളിൽ വരാത്തതായിട്ടുള്ളൂ. അർമേനിയൻ സഭ പുരാതനമായ പതിവനുസരിച്ച് ക്രിസ്മസും ദനഹാ (എപ്പിഫനി) പെരുനാളും ഒരുമിച്ച് "തെയോഫനി" (Theophany) എന്ന പേരിൽ ജനുവരി ആറിന് ആഘോഷിക്കുന്നു. ക്രിസ്മസിന് ഇവർ വലിയ പ്രാധാന്യം കൊടുക്കുന്നില്ല. ജൂലിയൻ കലണ്ടർ (പഴയരീതി) സ്വീകരിക്കുന്ന വിശുദ്ധനാടുകളിലും മറ്റും ജനുവരി 19-നാണ് ഈ ആഘോഷം. സുപ്രീം കാതോലിക്കാ ഗെവോർഗ് (ജോർജ്) V ന്റെ കാലത്ത് (1911 - 30) ജറുസലേം പാത്രിയർക്കേറ്റിലും ജോർജിയൻ-റഷ്യൻ ഭദ്രാസനങ്ങളിലും ഒഴികെ 1923 ൽ ഗ്രിഗോറിയൻ കലണ്ടർ (പുതിയ രീതി) സ്വീകരിച്ചു.

അർമേനിയൻ സഭ അനേകം തിരുശേഷിപ്പുകൾ സൂക്ഷിക്കുന്നു. യേശുക്രിസ്തുവിന്റെ വിലാവിൽ കുത്തിയ കുന്തമാണ് ഇവയിൽ പ്രധാനം. ഇത് വി. തദ്ദായി ശ്ളീഹാ കൊണ്ടുവന്നതാണെന്ന് വിശ്വസിക്കപ്പെടുന്നു. വി. ഗ്രീഗോറിയോസ് ലൂസാവൊറിച്ചിന്റെ വലതുകരത്തിന്റെ അസ്ഥിയാണ് മറ്റൊരു പ്രധാന തിരുശേഷിപ്പ്. വിശുദ്ധ മൂറോൻ കൂദാശാ വേളയിൽ മൂറോൻ വാഴ്ത്തുന്നതിന് സുപ്രീം കാതോലിക്കാ ഇവ രണ്ടും ഉപയോഗിക്കുന്നു.

യേശുക്രിസ്തുവിനെ തൂക്കിയ കുരിശിന്റെയും തലയിൽ വച്ച മുൾക്കിരീടത്തിന്റെയും അംശങ്ങളും നിസിബിസിലെ മാർ യാക്കോബിന് (+350) ലഭിച്ച നോഹയുടെ പെട്ടകത്തിന്റെ ചെറുകഷണവും സഭ സൂക്ഷിക്കുന്നുണ്ട്. വി. യൂഹാനോൻ മാംദാന, വി. സ്തേഫാനോസ് സഹദാ, വിശുദ്ധ ശ്ളീഹന്മാരായ അന്ത്രയോസ്, തോമസ്, തദ്ദായി, ബർത്തലോമിയോ എന്നിവരുടെ തിരുശേഷിപ്പുകളും അർമേനിയൻ സഭ സൂക്ഷിക്കുന്നു. ■

ദൈവതിരുനാമ മഹത്വത്തിനും മനുഷ്യരാശിയുടെ നന്മയ്ക്കുമായി ഗ്രിഗോറിയൻ പഠനവേദിയ്ക്കു വേണ്ടി ജോയ്സ് തോട്ടയ്ക്കാടും കൂട്ടുകാരും പ്രസിദ്ധീകരിക്കുന്നത്.
പത്രാധിപർ: ജോയ്സ് തോട്ടയ്ക്കാട്. വിലാസം: സോഫിയാ ബുക്സ്, സൂര്യ ഗസ്റ്റ് ലൈൻ, തെക്കേനട, കോട്ടയം – 686 001. ഫോൺ: 91 – 481 – 2303237, 98474 98303